# അക്കാദമിക മാസ്റ്റർപ്ലാൻ
## 2025-26

# alila
( A Leap In Learning Assistance)

## ഹൈസ്കൂൾ ഫോർ ഗേൾസ്
### കരുനാഗപ്പള്ളി, കൊല്ലം

അടിസ്ഥാന വിവരങ്ങൾ

| | |
|---|---|
| വിദ്യാലയത്തിന്റെ പേര് | ഹൈസ്കൂൾ ഫോർ ഗേൾസ് |
| വിലാസം | പടനായർകുളങ്ങര വടക്ക്, കരുനാഗപ്പള്ളി പി ഒ, കൊല്ലം. |
| പിൻകോഡ് | 690518 |
| സ്ഥാപിതം | 1916 |
| ഫോൺ | 0476 2620073 |
| ഇമെയിൽ | 41032kollam@gmail.com |
| സ്കൂൾ കോഡ് | 41032 |
| യുഡൈസ് കോഡ് | 32130500104 |
| വിക്കിഡാറ്റ | Q105814049 |
| റവന്യൂ ജില്ല | കൊല്ലം |
| വിദ്യാഭ്യാസ ജില്ല | കൊല്ലം |
| ഉപജില്ല | കരുനാഗപ്പള്ളി |
| ലോകസഭാമണ്ഡലം | ആലപ്പുഴ |
| നിയമസഭാമണ്ഡലം | കരുനാഗപ്പള്ളി |
| താലൂക്ക് | കരുനാഗപ്പള്ളി |
| വില്ലേജ് | കരുനാഗപ്പള്ളി |
| തദ്ദേശസ്വയംഭരണസ്ഥാപനം | കരുനാഗപ്പള്ളിമുനിസിപ്പാലിറ്റി |
| വാർഡ് | 17 |
| ഭരണ വിഭാഗം | എയ്ഡഡ് (പെൺകുട്ടികൾ മാത്രം) |
| സ്കൂൾ വിഭാഗം | പൊതുവിദ്യാലയം |
| പഠന വിഭാഗങ്ങൾ | യു.പി, ഹൈസ്കൂൾ |
| സ്കൂൾ തലം | 5 മുതൽ 10 വരെ |
| മാദ്ധ്യമം | മലയാളം, ഇംഗ്ലീഷ് |
| കുട്ടികളുടെ എണ്ണം | ആൺകുട്ടികൾ 0 പെൺകുട്ടികൾ 1525 ആകെ **1525** |
| അദ്ധ്യാപകർ | 65 |
| മനേജർ | എൽ ശ്രീലത |
| ഭരണസമിതി പ്രസിഡന്റ് | വി പി ജയപ്രകാശ് മേനോൻ |
| ഹെഡ്മിസ്ട്രസ്സ് | പി ശ്രീകല |
| പിടിഎ പ്രസിഡന്റ് | ബി എ ബ്രിജിത്ത് |
| മാതൃസമിതി പ്രസിഡന്റ് | സുസ്മിത |

# സ്കൂൾ ഭരണസമിതി

പ്രസിഡന്റ്

**ശ്രീ വി പി ജയപ്രകാശ് മേനോൻ**

സെക്രട്ടറി/ മാനേജർ

**ശ്രീമതി എൽ ശ്രീലത**

ഭരണസമിതി അംഗങ്ങൾ

ശ്രീ പി കെ ഗോപാലകൃഷ്ണൻ

ശ്രീ ജി മോഹൻകുമാർ

ശ്രീ ആർ കമൽദാസ്

ശ്രീ സി ദേവദാസ്

ശ്രീ ഇ നദീർ അഹമ്മദ്

ശ്രീ ജെ ഹരിലാൽ

ശ്രീ ആർ അമ്പിളിക്കുട്ടൻ

## ദർശനം

സ്ക്കൂളിലെ ഓരോ വിദ്യാർത്ഥിനിക്കും തുല്ല്യതയോടെ അതാത് തലങ്ങളിലുള്ള പഠനനേട്ടങ്ങൾ ആധുനിക സങ്കേതങ്ങളെ പരമാവധി പ്രയോജനപ്പെടുത്തി ആസ്വാദ്യകരമാക്കാൻ കഴിയുന്ന തരത്തിൽ പഠനരീതികളേയും പഠനാന്തരീക്ഷത്തെയും രൂപപ്പെടുത്തുക.

# ആമുഖം

സംസ്ഥാനത്തെ ഇതര വിദ്യാലയങ്ങൾക്കു മാതൃക ആകുന്ന തരത്തിൽ മികവാർന്ന പ്രവർത്തന മാതൃകകൾ പാഠ്യ-പാഠ്യേതര രംഗങ്ങളിൽ ഏറ്റെടുത്ത് വിജയിപ്പിച്ചിട്ടുള്ള വിദ്യാലയമാണ് നമ്മുടേത്. കുട്ടിയുടെ ശേഷികളുടെ സർവ്വതല വികാസം സാധ്യമാക്കി മാനുഷിക മൂല്യമുള്ള പുതുതലമുറയെ വളർത്തിയെടുക്കുക എന്ന ലക്ഷ്യത്തോടെ സിലബസ് പ്രകാരമുള്ള അക്കാദമിക പ്രവർത്തനങ്ങൾക്കും സർക്കാർ നിർദ്ദേശിക്കുന്ന മറ്റ് അക്കാദമിക പ്രവർത്തനങ്ങൾക്കുമൊപ്പം താഴെപറയുന്ന അക്കാദമിക പരിപാടികൾ കൂടി വിദ്യാലയം 2025-26 അധ്യയന വർഷത്തിൽ ഏറ്റെടുത്ത് നടത്തുന്നു

**പദ്ധതികൾ**

| 1 | **നൈപുണ്യ വികാസം പൊതു വിഭാഗം** | | | | | | |
|---|---|---|---|---|---|---|---|
| **ക്രമ നമ്പർ** | **ലക്ഷ്യം** | **പ്രവർത്തനം** | ഉപപ്രവർത്തനം | പ്രവർത്തനസമയം | ചുമതല | **ഗുണഭോക്താക്കൾ** | **സാമ്പത്തികം** |
| **1.1** | പഠന പിന്നാക്ക അവസ്ഥ പരിഹരിക്കുക. | 5 മുതൽ 10 വരെ ക്ലാസ്സുകളിലെ പഠന പിന്നാക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി അധിക പരിശീലനം നൽകി പിന്നാക്ക അവസ്ഥ പരിഹരിക്കുക. | പ്രീ-ടെസ്റ്റ്, കേട്ടെഴുത്ത്, വായന എന്നിവയിലൂടെ ഓരോ ക്ലാസ്സിലെയും പഠന പിന്നാക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തുന്നു. | ജൂൺ 3 മുതൽ 15 വരെ | ഓരോക്ലാസ്സിലെയും അതത് വിഷയം പഠിപ്പിക്കുന്ന അധ്യാപകർ | 5 മുതൽ 10 വരെ ക്ലാസ്സുകളിലെ മുഴുവൻ കുട്ടികളും. | |
| | | | റിസൾട്ട് ക്രോഡീകരണവും പരിഹാര ബോധന മൊഡ്യൂൾ നിർമ്മാണവും. | ജൂൺ 16 മുതൽ 20 വരെ | അതത് വിഷയ സമിതി | 5 മുതൽ 10 വരെ ക്ലാസ്സുകളിലെ പഠന പിന്നാക്കം നിൽക്കുന്ന കുട്ടികൾ | |
| | | | സ്കൂൾതല പ്രവർത്തന ഏകീകരണം ചർച്ച ചെയ്തു തീരുമാനിക്കുന്നു. | ജൂൺ 21 | എസ് ആർ ജി | | |
| | | | കുട്ടികളുടെ പഠന നിലവാരം ഉയർത്തുന്നതിന് രക്ഷാകർത്താക്കളുടെ സഹായം ഉറപ്പാക്കുന്നു. | ജൂൺ 22,23 | ക്ലാസ് അധ്യാകർ | | |
| | | | ഒന്നാം പാദവാർഷിക പരീക്ഷക്കു മുമ്പായി ഗുണഭോക്താകൾ അടിസ്ഥാന പഠന ശേഷികൾ നേടിയെന്ന് ഉറപ്പ് വരുത്തുന്നതിനായി ICT സാധ്യതകൾകൂടി | ജൂൺ 25 മുതൽ ജൂലൈ 25 വരെ | ഓരോക്ലാസ്സിലെയും അതത് വിഷയം പഠിപ്പിക്കുന്ന അധ്യാപകർ, അതത് വിഷയ സമിതി | | |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | ഉപയോഗപ്പെടുത്തി പരിഹാര ബോധനം | | | | |
| | | | അധിക പഠന സഹായം നൽകാനായി സാറ്റർഡേ ക്ലാസ് | പഠനദിവസം അല്ലാത്ത ശനിയാഴ്ചകൾ | വിഷയ സമിതി, എസ്ആർജി, പിടിഎ. | | |
| | | | ഫലപ്രാപ്തി വിശകലനം തുടർപ്രവർത്തനങ്ങൾ പ്ലാൻ ചെയ്യൽ | ജൂലൈ 26 മുതൽ ജൂലൈ 30 വരെ | അതത് വിഷയ സമിതി, എസ് ആർ ജി | | |
| | | | ഒരു കുട്ടിപോലും അടിസ്ഥാന പഠന ശേഷി ആർജിക്കാത്തവരായി ഇല്ലായെന്ന് ഉറപ്പാക്കാൻ സ്കൂൾതല ഏകോപനം പ്ലാനിംഗ്. | ജൂലൈ 31 | എസ് ആർ ജി | | |
| | | | 1.ജൂലൈ 31ൽ ചേരുന്ന എസ്ആർജി നിശ്ചയിക്കുന്ന തുടർ പ്രവർത്തനം.<br>2. മൂല്യനിർണ്ണയം. | ആഗസ്റ്റ് 01 മുതൽ ആഗസ്റ്റ് 10 വരെ. | വിഷയ സമിതികൾ | | |
| | | | ഒരു കുട്ടിപോലും അടിസ്ഥാന പഠന ശേഷി ആർജിക്കാതവരായി ഇല്ലായെന്നുള്ള ക്ലാസ്തല പ്രഖ്യാപനം | ആഗസ്റ്റ് 12 | ക്ലാസ് അധ്യാപകർ, അതത് ക്ലാസ്സിൽ പഠിപ്പിക്കുന്ന എല്ലാ അധ്യാപകരും, ക്ലാസ് പിടിഎ | | |
| | | | ഒരു കുട്ടിപോലും അടിസ്ഥാന പഠന ശേഷി | ആഗസ്റ്റ് 14 | വിഷയ സമിതികൾ, | കുട്ടികൾ വിദ്യാലയം | |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | ആർജിക്കാതവരായി ഇല്ലായെന്നുള്ള സ്കൂൾതല പ്രഖ്യാപനം | | എസ്ആർജി,<br>പിടിഎ. | | |
| 1.2 | | **നിത്യവായനയുടെ ലോകത്തേക്ക്**<br>പത്രം, ആഴ്ചപതിപ്പുകൾ, മാസികകൾ, എന്നിവ പഠിതാകൾ വായിക്കുകയും പ്രതികരണ ശേഷി ഉണർത്തുകയും ഉച്ചാരണശുദ്ധി വളർത്തുകയും ചെയ്യുന്നു. വായനാനുഭവം, വായന കുറിപ്പ് എന്നിവ തയ്യാറാക്കി ക്ലാസ്സ് തലത്തിലും സ്കൂൾ തലത്തിലും അവതരിപ്പിക്കുന്നു. യു പി വിഭാഗം കുട്ടികൾക്ക് ക്ലാസ്സിലെ സർഗ്ഗ വേള, ലൈബ്രറി പിരീഡുകൾ ക്ലാസ്സ്തല അവതരണത്തിനായി അവസരം ലഭ്യമാക്കുന്നു. ഹൈസ്കൂൾ വിഭാഗം കുട്ടികൾ ക്ലബ്ബ് യോഗങ്ങളിൽ അവതരിപ്പിക്കുന്നു. ക്ലാസ് തലത്തിലും ക്ലബ്ബ് തലത്തിലും തിരഞ്ഞെടുക്കപ്പെടുന്നവ സ്കൂൾതല സർഗ്ഗ സദസ്സിൽ അവതരിപ്പിക്കുന്നു. തിരഞ്ഞെടുക്കപ്പെടുന്ന മികച്ച രചനകൾ, ചിത്രങ്ങൾ | വായന | ജൂൺ മുതൽ ഫെബ്രുവരി വരെ<br>എല്ലാ ദിവസവും (വീടുകളിൽ) | രക്ഷാകർത്താക്കൾ<br>അധ്യാപകർ<br>ക്ലബ്ബുകൾ | എല്ലാ കുട്ടികളും | |
| | | | UP<br>ക്ലാസ്സ്തല അവതരണം | സർഗ്ഗവേള പിരീഡ് | | | |
| | | | HS<br>ക്ലബ്ബ് മീറ്റിംഗ് | ആഴ്ചയിലൊന്ന് | | | |
| | | | മികച്ചവ സ്കൂൾ സർഗ്ഗ സദസ്സിൽ | എല്ലാ മാസവും ആദ്യ വെള്ളിയാഴ്ച | | | |
| | | | മികച്ചവ ചേർത്ത് പതിപ്പ് പ്രകാശനം | എല്ലാ മാസവും രണ്ടാം ബുധൻ | | | |

| | | | | | | | |
|---|---|---|---|---|---|---|---|
| | | തുടങ്ങിയവ ചേർത്ത് സ്കൂൾ പതിപ്പ് തയ്യാറാക്കുന്നു. | | | | | |
| 1.3 | | **സംവാദം / മുഖാമുഖം**<br>കുട്ടികൾക്ക് സാഹിത്യകാരൻമാർ, എഴുത്തുകാർ, കലാകാരൻമാർ എന്നിവരുമായി ഇടപഴകുന്നതിനും സംവദിക്കുന്നതിനും അവസരം ഒരുക്കുന്നു.<br>ജൂൺ മുതൽ ഫെബ്രുവരി വരെ<br>മാസത്തിൽ ഒന്ന് | ജൂൺ, വായനദിനം | ജൂൺ 19 | വിഷയ സമിതി,<br>എസ് ആർ ജി<br>പിടിഎ | കുട്ടികൾ | |
| | | | ജൂലൈ, ബഷീർ ദിനം | ജൂലൈ 05 | | | |
| | | | ആഗസ്റ്റ്,സ്വാതന്ത്യ ദിനം | ആഗസ്റ്റ് 15 | | | |
| | | | സെപ്റ്റംബർ, കലോത്സവം | | | | |
| | | | ഒക്ടോബർ, ഗന്ധിജയന്തി | ഒക്ടോബർ 02 | | | |
| | | | നവംബർ, ശിശുദിനം | നവംബർ 14 | | | |
| | | | ഡിസംബർ, ഭാരതീയ ഭാഷാദിനം | ഡിസംബർ 11 | | | |
| | | | ജനവരി,റിപ്പബ്ലക് ദിനം | ജനവരി 26 | | | |
| | | | ഫെബ്രുവരി, ലോക മാതൃഭാഷ ദിനം | ഫെബ്രുവരി 21 | | | |
| | | **ശിൽപശാലകൾ / സെമിനാറുകൾ**<br>(ഭാഷ, ശാസ്ത്ര വിഷയങ്ങളുമായി ബന്ധപ്പെട്ട കഥ, കവിത, നാടകം,നാടൻ കലകൾ, ദിനാചരണങ്ങൾ തുടങ്ങിയവ)<br>ജൂൺ മുതൽ ഫെബ്രുവരി വരെ | നാടകം | ജൂലൈ | വിഷയ സമിതി,<br>എസ് ആർ ജി<br>പിടിഎ | കുട്ടികൾ | |
| | | | കവിത | | | | |
| | | | കഥ | | | | |
| | | | നാടൻ കലകൾ | | | | |
| | | | ദിനാചരണങ്ങൾ | | | | |
| | | **പതിപ്പ് തയ്യാറാക്കൽ**<br>കുട്ടികളുടെ രചനകൾ ചേർത്ത് പതിപ്പ് തയ്യാറാക്കുന്നു. | കുട്ടികളുടെ രചനകൾ ചേർത്ത് | മാസത്തിൽ ഒന്ന് | ക്ലബ്ബുകൾ,<br>വിഷയ സമിതി,<br>എസ്ആർജി | വിദ്യാലയ ഗുണഭോക്താക്കളും പൊതുസമൂഹവും | |
| | | | കുട്ടികളുടെയും അധ്യാപകരുടെയും | ആഗസ്റ്റ്, ഡിസംബർ | | | |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | രചനകൾ ചേർത്ത് പ്രത്യേക പതിപ്പ് | മാസങ്ങളിൽ | | | |
| | | | കുട്ടികൾ, അധ്യാപകർ, രക്ഷാകർത്താക്കൾ, പ്രാദേശിക രചയിതാക്കൾ, പൂർവ്വ വിദ്യാർത്ഥികൾ, പൂർവ്വ അധ്യാപകർ തുടങ്ങിയവരുടെ രചനകൾ ചേർത്ത് സ്കൂൾ വാർഷിക പതിപ്പ് | ഫെബ്രുവരി | വിദ്യാർത്ഥിനി പ്രതിനിധികൾ, അധ്യാപക പ്രതിനിധികൾ, പിടിഎ പ്രതിനിധികൾ എന്നിവർ ഉൾപ്പെട്ട പത്രാധിപ സമിതി | | |
| | | മധുരം മലയാളം, മലയാളതിളക്കം, സുരീലി ഹിന്ദി, ഈസി ഇംഗ്ലീഷ്,ഗണിതം മധുരം തുടങ്ങിയ വകുപ്പുതല പദ്ധതികൾ കാര്യക്ഷമമയി നടത്തുന്നു | | വിദ്യാഭ്യാസ വകുപ്പ് നൽകുന്ന സമയക്രമം അനുസരിച്ച് | വിഷയ സമിതികൾ, എസ്ആർജി | വിദ്യാഭ്യാസ വകുപ്പ് നൽകുന്ന വിഭീഗം കുട്ടികൾ | |
| | | **സർഗ്ഗ സദസ്** വീട്ടിലെ പുസ്തക ശേഖരം, ക്ലാസ് ലൈബ്രറി, സ്കൂൾ ലൈബ്രറി, പബ്ലിക് ലൈബ്രറികൾ, മറ്റ് സ്രോതസുകൾ എന്നിവയിൽനിന്ന് ലഭ്യമാകുന്ന പുസ്തകങ്ങളുടെ വായന അനുഭവം, സ്വന്തം രചനകൾ, സാഹിത്യ രൂപങ്ങളുടെ അവതരണം, ശാസ്ത്ര മികവുകളുടെ പ്രദർശനം, രംഗാവിഷ്കാരം, കരകൗശല | ഉച്ചഭക്ഷണ ഇടവേള. | മാസത്തിലെ ആദ്യ വെള്ളിയാഴ്ച | ക്ലബ്ബുകൾ, ക്ലബ്ബ് കൺവീനർമാർ, ആർട്ട് ടീച്ചർ, മ്യൂസിക് ടീച്ചർ, കലോത്സവ കൺവീനർ, മേളകളുടെ കൺവീനർമാർ, എസ്ആർജി കൺവീനർ | എല്ലാ കുട്ടികളും | |

| | | | | | | | |
|---|---|---|---|---|---|---|---|
| | | നിർമ്മിതികളുടെ പ്രദർശനം<br>കാലിക പ്രസക്തിയുള്ള വിഷയങ്ങളുടെ ചർച്ച<br>തുടങ്ങിയ കുട്ടികളുടെ മികവുകൾ<br>പങ്കുവെക്കലിനുള്ള വേദി. | | | | | |
| | | **<u>കുട്ടി എഫ് എം (ഗേൾസ് വോയ്സ്)</u>** | വിശേഷ ദിനങ്ങളും ദിനാചരണവുമായി ബന്ധപ്പെട്ട പരിപാടികൾ എഫ്എം മാതൃകയിൽ സ്കൂൾ ഉച്ചഭാഷിണിയിലൂടെ അവതരിപ്പിക്കുന്നു.<br>വിവിധ രംഗങ്ങളിൽ മികവ് തെളിയിക്കുന്ന കുട്ടികളുമായുള്ള അഭിമുഖം എഫ്എമിൽ നടത്തുന്നു.<br>വായിച്ച പുസ്തകത്തിന്റെ അസ്വാദനം തയ്യാറാക്കി അവതരിപ്പിക്കുന്നു.<br>ഓരോ ആഴ്ചയിലേയും ഏറ്റവും പ്രധാനപ്പെട്ട വാർത്തുകളുടെ അവതരണം നടത്തുന്നു.<br>സ്കൂളിലെ പ്രധാനപ്പെട്ട സംഭവങ്ങൾ വർത്തയായി അവതരിപ്പിക്കുന്നു. | **വിശേഷ ദിനങ്ങൾ** | ക്ലബ്ബുകൾ,<br>ക്ലബ്ബ് കൺവീനർമാർ,<br>മ്യൂസിക് ടീച്ചർ,<br>കലോത്സവ കൺവീനർ,<br>എസ്ആർജി കൺവീനർ | പരമാവധി കുട്ടികൾക്ക് അവസരം | |
| | **കുട്ടികൾക്ക് അവരുടെ ക്ലാസ്റൂം പഠനത്തിന് പുറമെ പ്രായോഗിക** | **<u>പഠനയാത്രകൾ</u>**<br>കൂടാതെ പഠനയാത്രകൾ, | പവ്വർ എക്സിബിഷൻ, ശ്രീകാര്യം | **ജൂലൈ 19** | പിടിഎ,<br>എസ്ആർജി,<br>ടൂർ കമ്മിറ്റി. | എല്ലാ കുട്ടികളും | |
| | | | ഏകദിനം | | | | |
| | | | സ്കൂൾ വാർഷിക | ഒക്ടോബർ / | | | |

| | | | | | | | |
|---|---|---|---|---|---|---|---|
| | **പരിചയങ്ങൾ നൽകുന്നു. ബുക്കിൽ എഴുതിയിട്ടുള്ള സിദ്ധാന്തങ്ങൾ യാഥാർത്ഥ്യത്തിൽ എങ്ങനെയെന്ന് കണ്ട് മനസ്സിലാക്കാനും മറ്റ് സംസ്കാരങ്ങളും ജീവിത രീതികളും അടുത്തറിയാനും അവസരമൊരുക്കുക.ഇതു വഴി അവർക്ക് ലോകത്തെത്തപ്പറ്റി കൂടുതൽ വിപുലമായ കാഴ്ചപ്പാട് ലഭിക്കുന്നു.കുട്ടികളുടെ പ്രത്യേകമായ നൈപുണ്യങ്ങൾ മെച്ചപ്പെടുത്തി പഠനത്തിൽ കൂടുതൽ ആസക്തിയും താൽപര്യവും ഉണ്ടാക്കുക** | വ്യക്തി ജീവിതത്തിൽ വ്യത്യസ്ത അനുഭവങ്ങളും ഓർമ്മകളും സൃഷ്ടിക്കുന്നു. ഇത് വ്യക്തി വികസനത്തിന് നല്ലതാണ്. സഹപാഠികളുമായി കൂടുതൽ അടുത്ത് ഇടപെടാനും ബന്ധങ്ങൾ ഉറപ്പാക്കാനുമുള്ള അവസരമൊരുക്കുന്നു.<br>ഇതിനായി ഹ്രസ്വവും, ദീർഘവുമായ യാത്രകൾ സംഘടിപ്പിക്കുന്നു. | പഠനയാത്ര | നവംബർ | | | |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | | | | | |
| | **ട്യൂഷൻ ഫ്രീ വിദ്യാലയം സാധ്യമാക്കുക.** | **ട്യൂഷൻ ഫ്രീ വിദ്യാലയം**<br>ട്യൂഷൻ ഫ്രീ വിദ്യാലയ സങ്കൽപ്പം യാതാർത്ഥ്യമാക്കാൻ പഠനത്തിന് സ്കൂളിന് പുറത്ത് ട്യൂടോറിയൽ, ട്യൂഷൻ തുടങ്ങിയവ ഇല്ലാത്ത കുട്ടികൾക്ക് ആവശ്യമായ പഠന സഹായം നൽകുന്നു | ആവശ്യമായ കുട്ടികൾക്ക് പഠന ദിവസങ്ങളിൽ പഠന ഇടവേളകളിൽ, വൈകുന്നേരങ്ങളിൽ, അവധി ദിവസങ്ങളിൽ, അവശ്യഘട്ടത്തിൽ ഓൺലൈനായും പ്രദേശികമായക്ലാസ്സുകളി ലൂടെയും | വർഷം മുഴുവൻ | വിഷയസമിതി, എസ്ആർജി | സ്കൂളിന് പുറത്ത് ട്യൂടോറിയൽ, ട്യൂഷൻ തുടങ്ങിയവ ഇല്ലാത്ത കുട്ടികൾ | |
| | കുട്ടികളെ സ്കൂളിന് അഭിമാനമാകുന്ന വിജയങ്ങൾ നേടാൻ പ്രാപ്തരാക്കുക. | പഠനത്തിൽ മികവ് പുലർത്തുന്ന കുട്ടികൾ, സ്കോളർഷിപ്പ് പരീക്ഷകൾ, ഉയർന്ന തലത്തിൽ മേളകൾ, മത്സരങ്ങൾ എന്നിവയിൽ പങ്കെടുക്കുന്ന കുട്ടികൾ തുടങ്ങി സ്കൂളിന് അഭിമാനമാകുന്ന വിജയങ്ങൾ നേടാൻ അത്തരം കഴിവുകളുള്ള | പഠനസമയത്തിന് പുറമെ ഓൺ ലൈനായും ഓഫ് ലൈനായും | ജൂൺ മുതൽ | വിഷയ സമിതി, എസ്ആർജി, പിടിഎ | പ്രതിഭകളായകുട്ടികൾ | |

| | | | | | | | |
|---|---|---|---|---|---|---|---|
| | | കുട്ടികൾക്ക് സ്കൂളിനുള്ളിൽനിന്നും പുറത്തുനിന്നു സഹായം ഉറപ്പുവരുത്തുക. | | | | | |
| | ഭിന്നശേഷി കുട്ടികൾക്ക് അധിക പഠന സഹായം നൽകുക | ഭിന്നശേഷി കുട്ടികൾക്ക് അധിക പഠന സഹായം നൽകുന്നു.<br>ബിആർസി ട്രെയിനറുടെ സഹായത്തോടെ സഹപാഠികൾ, അധ്യാപകർ, രക്ഷിതാക്കൾ എന്നിവരുടെ സേവനം ഉറപ്പാക്കുന്നു. അർഹരായ എല്ലാ കുട്ടികൾക്കും സർക്കാർ സഹായം ഉറപ്പാക്കുന്നു. കുട്ടികൾ വിദ്യാലയ പ്രവർത്തനങ്ങളിൽ മാറ്റിനിർത്തപ്പെടുന്നില്ലായെന്ന് ഉറപ്പാക്കുന്നു. പരമാവധി മുഖ്യധാരയിലേക്ക് കുട്ടികളെ ഉയർത്താൻ ആവശ്യമായ പ്രവർത്തനങ്ങൾ നടത്തുന്നു. | ക്ലാബ്ബ് പ്രവർത്തനങ്ങൾ, ദിനാചരണങ്ങൾ എന്നിവയിൽ പങ്കാളിത്തം നൽകുന്നു. | ജൂൺ മുതൽ | ബിആർസി ട്രെയിനർ, വിഷയസമിതി, എസ്ആർജി | ഭിന്നശേഷി കുട്ടികൾ | |
| | | | ഭിന്നശേഷികുട്ടികൾക്ക് അസംബ്ലി നടത്താൻ അവസരം ഒരുക്കുന്നു. | വർഷത്തിൽ മിനിമം രണ്ട് തവണ | | | |
| | | | ഭിന്നശേഷി കുട്ടികളുടെ പഠന പ്രവർത്തന വിലയിരുത്തൽ | എല്ലാ മാസവും അവസാന പ്രവർത്തി ദിനം | | | |
| | **കുട്ടിയേയും കുട്ടിയുടെ ജീവിത സാഹചര്യവും അറിയുക.** | **കുട്ടിയെ അറിയുക**<br>പോർട്ട്ഫോളിയോ - നമ്മുടെ വിദ്യാലയത്തിൽ പ്രവേശനം നേടുന്നതു മുതലുള്ള പരീക്ഷകളുടെ സ്കോറുകൾ, കുട്ടിയുടെ ഗാർഹിക സ്ഥിതി, അറിവായ ജീവിത | ഭവന സന്ദർശനം ഒന്നാം ഘട്ടം | ജൂൺ, ജൂലൈ, ആഗസ്റ്റ് | എല്ലാ അധ്യാപകരും പിടിഎയും | എല്ലാ കുട്ടികളും | |
| | | | കുട്ടിയുടെ രക്ഷാകർത്താവിനെ ക്ലാസ് ടീച്ചർ ഫോണിൽ വിളിക്കുന്നു. | മാസത്തിൽ കുറഞ്ഞത് ഒരുതവണ | | | |
| | | | പോർട്ട് ഫോളിയോ | ആഗസ്റ്റ് | | | |

| | | | | | | | |
|---|---|---|---|---|---|---|---|
| | | **സാഹചര്യം, രേഖപ്പെടുത്തൽ ആവശ്യമായ രോഗ വിവരങ്ങൾ ലഭിച്ച നേട്ടങ്ങൾ, വിജയങ്ങൾ, സ്കോളർഷിപ്പുകൾ തുടങ്ങിയ കുട്ടിയുടെ സമഗ്ര വിവരങ്ങൾ അടങ്ങിയ ഫയൽ. ക്ലാസ് ടീച്ചർ സൂക്ഷിക്കുന്ന ഈ പോർട്ട്ഫോളിയോ കുട്ടി ക്ലാസ് മാറുമ്പോൾ പുതിയ ക്ലാസ് ടീച്ചറെ ഏൽപ്പിക്കുന്നു.<br>ക്ലാസ് ടീച്ചർ ഉൾപ്പെട്ട അധ്യാപകർ വർഷത്തിൽ കുറഞ്ഞത് രണ്ട് തവണയെങ്കിലും കുട്ടിയുടെ ഭവന സന്ദർശനം നടത്തുന്നു.<br>എല്ലാ അധ്യാപകരും പഠിപ്പിക്കുന്ന ക്ലാസ്സിലെ കുട്ടികളുടെ പഠന വിവരങ്ങൾ രേഖപ്പെടുത്തിയ എന്റെ കുട്ടികൾ എന്ന ഡയറി തയ്യാറാക്കി സൂക്ഷിക്കുന്നു.** | **തയ്യാറാക്കൽ** | | | | |
| | | | **പോർട്ട് ഫോളിയോ ക്ലാസ് ടീച്ചർ അപ്ഡേറ്റ് ചെയ്യുന്നു** | **നിരന്തരം** | | | |
| | | | **എല്ലാ അധ്യാപകരും പഠിപ്പിക്കുന്ന ക്ലാസ്സിലെ കുട്ടികളുടെ വിവരങ്ങൾ ഉൾപ്പെടുത്തി എന്റെ കുട്ടി എന്ന ഡയറി തയ്യാറാക്കുന്നു.** | **ആഗസ്റ്റ് മാസം** | | | |
| | | | **എന്റെ കുട്ടി ഡയറി അപ്ഡേഷൻ** | **നിരന്തരം** | | | |
| | | | **രണ്ടാം ഘട്ട ഭവന സന്ദർശനം** | **ജനവരി, ഫെബ്രുവരി** | | | |
| | | **ഭാഷ - നൈപുണ്യ വികാസം** | | | | | |
| | **എന്റെ അവധിക്കാലം** ആശയസംവേദനത്തിലൂടെ | പതിപ്പ് തയ്യാറാക്കുന്നു | പഠിതാകൾ അവരുടെ അവധിക്കാല അനുഭവങ്ങൾ വിവിധ വ്യവഹാരങ്ങളിലൂടെ | ജൂൺ ആദ്യവാരം | അതത് ക്ലാസ്സിലെ ഭാഷ അധ്യാപകർ | യുപി ക്ലാസ്സിലെ കുട്ടികൾ | |

| | | | | | | | |
|---|---|---|---|---|---|---|---|
| | പദസമ്പത്ത് വളർത്താൻ പഠിതാകളെ പ്രാപ്തമാക്കുക | | അനുഭവങ്ങൾ വിവിധ വ്യവഹാരങ്ങളിലൂടെ [കഥ, കവിത, യാത്രാനുഭവം, അനുഭവകുറിപ്പ്] അവതരിപ്പിക്കുന്നു | | | | |
| | **<u>ഭാഷാകേളി</u>** | അക്ഷരങ്ങളും പദങ്ങളും ആവർത്തിച്ച് വരുന്ന വരികൾ ഉച്ചരിച്ച് അക്ഷരശുദ്ധി അസ്വാദനം എന്നിവ വളർത്തുന്നു. | ക്ലാസ്തലം | ജൂൺ മാസം | അതത് ക്ലാസ്സിലെ ഭാഷ അധ്യാപകർ | യുപി ക്ലാസ്സിലെ കുട്ടികൾ | |
| | **<u>വാക്കുകളിൽ നിന്നും വാക്യത്തിലേക്ക്</u>** | അക്ഷരങ്ങളും ചിഹ്നങ്ങളും ഉൾപ്പെട്ട കാർഡുകൾ ഉപയോഗിച്ച് പദങ്ങളുടെയും വാക്യങ്ങളുടെയും നിർമ്മാണം. | ക്ലാസ്തലം | ജൂൺ മാസം | അതത് ക്ലാസ്സിലെ ഭാഷ അധ്യാപകർ | യുപി ക്ലാസ്സിലെ കുട്ടികൾ | |
| | **സ്പോക്കൺ ഇംഗ്ലീഷ് പരിശീലനം** | കുട്ടികളുടെ അന്യഭാഷ ശേഷി വർദ്ധിപ്പിച്ച് സങ്കോച രഹിതമായി ഭാഷ കേട്ട് മനസിലാക്കാനും സംസാരിക്കാനും വായിക്കാന ും, സ്വതന്ത്ര രചന നടത്തനുമുള്ള ശേഷി കൈവരിക്കാൻ കുട്ടികളെ സഹായിക്കുക | റിസോഴ്സ് പേഴ്സൺമാരുടെ സഹായത്തോടെ ഇംഗ്ലീഷ് | സെപ്റ്റംബർ ഒകേടോബർ | ഇംഗ്ലീഷ്, ഹിന്ദി ഭാഷ വിഷയ സമിതികൾ | 5 മുതൽ 10 വരെ ക്ലാസ്സുകളിലെ കുട്ടികൾ | |
| | **സ്പോക്കൺ ഹിന്ദി പരിശീലനം** | | റിസോഴ്സ് പേഴ്സൺമാരുടെ സഹായത്തോടെ ഹിന്ദി | ഒകേടോബർ, നവംബർ | | ഹൈസ്കൂൾ ക്ലാസ്സിലെ കുട്ടികൾ | |
| | | **ശാസ്ത്ര നൈപുണ്യ വികാസം** | | | | | |
| | ജനാധിപത്യ | മോക്ക് പാർലമെന്റ് | സ്കൂൾ പാർലമെന്റ് ഇലക്ഷന്ശേഷം | | സാമൂഹ്യശാസ്ത്ര വിഷയ സമിതി. | എല്ലാകുട്ടികളും | |

| | | | | | | | |
|---|---|---|---|---|---|---|---|
| | പ്രക്രിയയിലെ ജനപ്രതിനിധി സഭയെകുറിച്ചും നിയമ നിർമ്മാണ സഭയെ കുറിച്ചും ധാരണ സൃഷ്ടിക്കുക. | | തെരഞ്ഞെടുകികപ്പെടുന്ന ക്ലാസ്സ്പ്രതിനിധികളെ ഉൾപ്പെടുത്തി നടത്തുന്നു. | | | | |
| | വിവിധ ഭൂപട മാതൃകകൾ പരിചയപ്പെടുത്തുക. | അറ്റ്ലസ് നിർമ്മാണം | പാഠഭാഗത്തിനൊപ്പം | ജൂൺ മുതൽ | ശാസ്ത്ര അധ്യാപകർ | എല്ലാകുട്ടികളും | |
| | പാഠന അറിവ് സ്ഥിരപ്പെടുത്തുക. | ലഘു പരീക്ഷണങ്ങൾ | പാഠഭാഗത്തിനൊപ്പം | ജൂൺ മുതൽ | ശാസ്ത്ര അധ്യാപകർ | എല്ലാകുട്ടികളും | |
| | | സ്റ്റിൽ, വർക്കിംഗ് മോഡൽ നിർമ്മാണം | പാഠഭാഗത്തിനൊപ്പം | ജൂൺ മുതൽ | ശാസ്ത്ര അധ്യാപകർ | എല്ലാകുട്ടികളും | |
| | | ഗണിത മാതൃകകളുടെ നിർമ്മാണം | പാഠഭാഗത്തിനൊപ്പം | ജൂൺ മുതൽ | ശാസ്ത്ര അധ്യാപകർ | എല്ലാകുട്ടികളും | |
| | **പ്രദർശനങ്ങൾ/ ശാസ്ത്ര ക്ലാസ്സുകൾ** | ശാസ്ത്ര സിനിമകൾ, ശാസ്ത്രകാരൻമാരുടെ ജീവചരിത്രം അടിസ്ഥാനമാക്കിയുള്ള സിനിമകൾ, ഡോക്കുമെന്ററികൾ ഇവ പ്രദർശിപ്പിക്കുന്നു. | പാഠഭാഗത്തിനൊപ്പം | ജൂൺ മുതൽ | ശാസ്ത്ര അധ്യാപകർ | എല്ലാകുട്ടികളും | |
| | **എന്റെ ശാസ്ത്ര ഡയറി** | കുട്ടികൾ ശാസ്ത്ര വാർത്തകൾ ഉൾപ്പെടുത്തി ഡയറി എഴുതുന്നു. മികച്ചവ പതിപ്പുകളിൽ ഉൾപ്പെടുത്തുന്നു. | പഠന പ്രവർത്തനത്തിനൊപ്പം | നിത്യവും | ശാസ്ത്ര അധ്യാപകർ | എല്ലാകുട്ടികളും | |
| | **അടുക്കള ഒരു പരീക്ഷണശാല.** | നിത്യജീവിതതിൽ ഉപയോഗിക്കുന്ന വസ്തുകളിൽ | പട്ടിക ക്ലാസ്സ് സ്കൂൾ തലങ്ങളിൽ പകോപിപ്പിക്കുന്നു. | സെപ്റ്റംബർ | സയൻസ് അധ്യാപകർ | എല്ലാകുട്ടികളും | |

| | | | | | | | |
|---|---|---|---|---|---|---|---|
| | | അടങ്ങിയിരിക്കുന്ന രാസപദാർത്ഥങ്ങൾ കണ്ടെത്തുന്നു. | സർഗ്ഗ സദസ്സിൽ അവതരിപ്പിക്കുന്നു. | | | | |
| | **ആഹാരം ഗുണമറിഞ്ഞ് അറിഞ്ഞ് കഴിക്കാം** | വിവിധതരം ആഹാരത്തിലെ പോഷക ഘടകങ്ങളെ തിരിച്ചറിഞ്ഞ് രേഖപ്പെടു ത്തുന്നു. അവയുടെ ധർമ്മവും ലഘുവിവരണങ്ങളും എഴുതി തയ്യാറാക്കുന്നു. | വിവരണങ്ങൾ ക്ലാസ്സ്, സ്കൂൾ തലങ്ങളിൽ ഏകോപിപ്പിക്കുന്നു. സർഗ്ഗ സദസ്സിൽ അവതരിപ്പിക്കുന്നു. | ഒക്ടോബർ | സയൻസ് അധ്യാപകർ | എല്ലാകുട്ടികളും | |
| | **ശാസ്ത്ര പ്രദർശനം** | പാഠഭാഗവുമായി ബന്ധപ്പെയുത്തിയും നിത്യജീവിതം, ശാസ്ത്ര അറിവുകൾ എന്നിവ കോർത്തിണക്കിയും ശാസ്ത്ര പ്രദർശനം നടത്തുന്നു. കൂടുതൽ ശാസ്ത്ര അറിവ് കുട്ടികൾക്ക് ലഭിക്കാൻ ഉതകുന്നതരത്തിൽ പുറമേനിന്നുള്ള ഏജൻസികളുടെ സഹയത്തോടെ ശാസ്ത്ര പ്രദർശനം സംഘടിപ്പിക്കുന്നു. | സർഗ്ഗ സദസ് & ശാസ്ത്രമേള | ഒക്ടോബർ | ശാസ്ത്ര അധ്യാപകർ, എസ്ആർജി, പിടിഎ | എല്ലാകുട്ടികളും | |
| | **ഔഷധ സസ്യത്തോട്ടം ഒരുക്കുന്നു.** | സർക്കാർ - സ്വകാര്യ ഏജൻസികൾ, കു ട്ടികൾ,പിടിഎ,രക്ഷകർത്താ ക്കൾ, ബഹുജനങ്ങൾ തുടങ്ങിയവയുടെ സഹായത്തോടെ ഔഷധ സസ്യത്തോട്ടം സ്ഥാപിച്ച് | സംസ്ഥന ഔഷധ സസ്യ ബോർഡിന്റെ സഹായത്തോടെ | ജൂൺ മുതൽ | ഔഷധ സസ്യത്തോട്ടം നിർമ്മാണ കോർഡിനേറ്റർ, ജീവശാസ്ത്ര വിഷയ സമിതി, പിടിഎ. | | |

| | | | | | | | |
|---|---|---|---|---|---|---|---|
| | | പരിപാലിക്കുന്നു. ജൈവശാസ്ത്രം, പരിസ്ഥിതിശാസ്ത്രം തുടങ്ങിയ വിഷയങ്ങളിൽ പ്രായോഗിക പരിജ്ഞാനം ലഭിക്കാനും ഔഷധ സസ്യങ്ങൾ തിരിച്ചറിയുകയും അവയുടെ ഔഷധഗുണങ്ങളെക്കുറിച്ച് പഠിക്കുകയും ചെയ്യാൻ കുട്ടികൾക്ക് അവസരമൊരുക്കുന്നു. ഔഷധ സസ്യങ്ങൾ പ്രാചീന കാലം മുതൽ രോഗങ്ങൾക്കു മരുന്നായി ഉപയോഗിക്കാറുണ്ട്. ഈ സസ്യങ്ങളെക്കുറിച്ച് അറിവ് ലഭിക്കുന്നത് ആരോഗ്യ സംരക്ഷണത്തിൽ സഹായകമാകുന്നു. കുട്ടികൾക്ക് പരിസ്ഥിതി സംരക്ഷണത്തിന്റെ പ്രാധാന്യവും ജൈവവൈവിദ്ധ്യ സംരക്ഷണത്തിന്റെ ആവശ്യകതയും മനസിലാക്കാൻ ഇത് സഹായിക്കുന്നു. തോട്ടത്തിന്റെ | | | | | |

| | | | | | | | |
|---|---|---|---|---|---|---|---|
| | | പരിപാലനത്തിനായി പ്രവർത്തിക്കുന്നത് കുട്ടികളിൽ ഉത്തരവാദിത്വ ബോധവും സഹകരണവും വളർത്തുന്നു.ഔഷധ സസ്യങ്ങളെക്കുറിച്ചുള്ള പാരമ്പര്യ അറിവും വിദ്യാർത്ഥികൾക്ക് കൈമാറാൻ ഇത് നല്ല മാർഗമാണ്. ഔഷധത്തോട്ടം പരിസരത്തെ മാലിന്യങ്ങൾ കുറയ്ക്കാനും പരിസ്ഥിതി സൗഹൃദശീലങ്ങൾ വളർത്താനും കുട്ടികളെസഹായിക്കുന്നു. | | | | | |
| | **<u>ശാസ്ത്രമൂല</u>** | ലഭ്യമാക്കാൻ കഴിയുന്ന ശാസ്ത്ര വസ്തുക്കൾ, ഉപകരണങ്ങൾ, മാതൃകകൾ ഇവ ചേർത്ത് ഓരോ ക്ലാസ്സിലും ശാസ്ത്രമൂല ഒരുക്കുന്നു. | എല്ലാ ക്ലാസ്സിലും. | ജൂൺ മുതൽ | ശാസ്ത്ര അധ്യാപകർ, എസ്ആർജി, പിടിഎ | എല്ലാകുട്ടികളും | |
| | **<u>ശാസ്ത്രമേള</u>** | ശാസ്ത്ര, സാമൂഹ്യശാസ്ത്ര, ഗണിത,ഐടി മേളകൾ മാനുവൽ പ്രകാരം നടത്തുന്നു. ഉയർന്ന തലങ്ങളിൽ പങ്കെടുക്കുന്ന കുട്ടുകൾക്ക് അധ്യാപകരുടെയും സ് കൂളിന് പുറത്തുനിന്നുള്ള വിതഗ്ദരുടെയും | സംസ്ഥാന മേള അവസാനിക്കുന്നത് വരെ | സെപ്റ്റംബർ മുതൽ | ശാസ്ത്ര അധ്യാപകർ | എല്ലാകുട്ടികളും | |

| | | | | | | | |
|---|---|---|---|---|---|---|---|
| | | പരിശീലനവും സഹായവും ലഭ്യമാക്കുന്നു. | | | | | |
| | | **<u>വിവര സാങ്കേതിക വിദ്യ – പോഷണം.</u>** | | | | | |
| | പഠന പ്രവർത്തനങ്ങൾ ചിട്ടപ്പെടുത്താൻ അധ്യാപകർ AI ടൂൾ ഉൾപ്പെടെയുള്ള വിവര സാങ്കേതിക വിദ്യാ പ്രയോജനപ്പെടുത്തുക. | കുട്ടികൾ പഠിക്കുന്ന ഭാഷകളിലെല്ലാം ടൈപ്പ് ചെയ്യാൻ പരിശീലനം നൽകുന്നു.<br>ഹൈ-ടെക് ഉപകരണങ്ങളുടെ ശരിയായ പ്രയോജനം ക്ലാസ് മുറികളിൽ ഉറപ്പുവരുത്തുന്നു. | പാഠ ഭാഗങ്ങളുടെ വിനിമയത്തിൽ വിവര സാങ്കേതിക വിദ്യ ഉൾപ്പെടുത്തുന്നു എന്ന് ഉറപ്പുവരുത്തുന്നു. കുട്ടികളിൽ ഗുണകരമായ സൈബർ അവബോധം വളർത്തുന്നു. | ജൂൺ മുതൽ | SITC, ഐടി അധ്യാപകർ, വിഷയസമിതികൾ, എസ്ആർജി, ക്ലാസ് അധ്യാപകർ | എല്ലാകുട്ടികളും | |
| | **<u>കലാ - തൊഴിൽ നൈപുണ്യം</u>** | | | | | | |
| | **പഠനത്തോടൊപ്പം കുട്ടികൾക്ക് വിവിധ തൊഴിൽ മേഖലകളെ കുറിച്ച് അറിവും പരിശീലനവും ലഭ്യമാക്കുക.** | കുട്ടികൾക്ക് LED ബൾബ് നിർമ്മാണ പരിശീലനം നൽകുന്നു. | പാഠഭാഗവുമായി ബന്ധപ്പെട്ട്, | ഒക്ടോബർ മുതൽ | സയൻസ് വിഷയ സമിതികൾ. | എല്ലാക്കുട്ടികളും | |
| | | എംപിടിഎ,പിടിഎ, കുടുംബശ്രീ, വ്യക്തികൾ, സംഘടനകൾ തുടങ്ങിയുടെ സഹായത്തോടെ തത്പരരായ കുട്ടികൾക്ക് തൊഴിൽ പരിശീലനം നൽകുന്നു. | സ്കിൽ ക്ലബ്ബ് രൂപീകരിക്കുന്നു. | ഒക്ടോബർ മുതൽ | വർക്ക് എഡ്യൂക്കേഷൻ ടീച്ചർ, എസ്ആർജി, പിടിഎ, എംപിടിഎ | | |
| | | കലാപരിശീലനം നൽകുന്നു. | സംഗീതം, ചിത്രകല, ഉപകരണ സംഗീതം, നാടൻ കലകൾ തുടങ്ങിയവയിൽ | ജൂൺ മുതൽ | മ്യൂസിക് ടീച്ചർ, എസ്ആർജി, പിടിഎ | | |

| | | | | | | | |
|---|---|---|---|---|---|---|---|
| | **കായിക നൈപുണ്യം** | | | | | | |
| | Free hand Exercise | ഉപകരണമില്ലാതെ കുട്ടികളിൽ മാനസികവും ശാരീരികവുമായ ഏകോപനം വരുത്തുന്നതിനായി മാസ് പിടി പരിശീലനം നൽകുന്നു | കുട്ടികളെ മാസ് പിടി പ്രകാശനം | ആഗസ്റ്റ് | കായിക അധ്യാപകൻ | യു പി ക്ലാസ്സിലെ കുട്ടികൾ | |
| | ഗെയിമുകൾ | മേജർ ഗയിമുകളുടെ പരിശീലനം | ഫുട്ബോൾ, ബാസ്കറ്റ് ബോൾ, കബഡി, വോളിബോൾ, ഖോ-ഖോ, ക്രിക്കറ്റ്, ത്രോബോൾ | ജൂൺ മുതൽ | | സ്കൂൾതല സെലക്ഷൻ നേടുന്ന കുട്ടികൾ | |
| | അത്‌ലറ്റിക്സ് | സ്കൂൾതല അത്‌ലറ്റിക്സ് ടീമിനെ സജ്ജമാക്കുന്നു | നിരന്തര പരിശീലനം | ജൂൺ മുതൽ | | സ്കൂൾതല സെലക്ഷൻ നേടുന്ന കുട്ടികൾ | |
| | | | ഉയർന്ന തലങ്ങളിലെത്തുന്ന കുട്ടികൾക്ക് അധിക പരിശീലനം | | | ഉയർന്ന തലങ്ങളിലെത്തുന്ന കുട്ടികൾ | |
| | **നൈപുണ്യം - വിലയിരുത്തൽ** | | | | | | |
| | **മികവുത്സവം** | കുട്ടികളുടെ പഠന മികവുകൾ കോർത്തിണക്കി മികവുത്സവം നടത്തുന്നു | | ഫെബ്രുവരി | വിഷയസമിതികൾ, എസ്ആർജി, ക്ലാസ് അധ്യാപകർ, പിടിഎ | സ്കൂളിലെ എല്ലാ കുട്ടികളും | |
| | **മോണിറ്ററിംഗ്** | മേൽ സൂചിപ്പിച്ച എന്നാ | നിരന്തരം | ജൂൺ മുതൽ | ഹെഡ്മിസ്ട്രസ്സ്, | | |

| | | | | | | | |
|---|---|---|---|---|---|---|---|
| | | **പ്രവർത്തനങ്ങളുടെയും മോണിറ്ററിം സാധ്യമാക്കുന്നു. പഠന വിലയിരുത്തലിനായി ടേം, വാർഷിക പരീക്ഷകൾ കൂടാതെ നിരന്തര മൂല്യനിർണ്ണയം, ക്ലാസ് ടെസ്റ്റുകൾ, മിഡ ടേം പരീക്ഷകൾ, യൂണിറ്റ് ടെസ്റ്റുകൾ, മന്തിലി ടെസ്റ്റുകൾ നടത്തി പഠന നിലവാരം വിലയിരുത്തി മെച്ചപ്പെടുത്തലുകൾക്ക് ആവശ്യമായ പ്രവർത്തനങ്ങൾ നടത്തുന്നു.** | | | സീനിയർ അസിസ്റ്റന്റ്, എസ്ആർജി കൺവീനർ, സ്റ്റാഫ് സെക്രട്ടറി, വിഷയ സമിതികൾ കൺവീനർമാർ, പിടിഎ പ്രസിഡന്റ്. | | |
| | | **<u>മലയാളം</u>** | | | | | |
| | **വൈവിധ്യമാർന്ന രീതിയിൽ മാതൃഭാഷാനുഭവങ്ങൾ വിനിമയം ചെയ്യാൻ കുട്ടിയെ പ്രപ്തമാക്കുക.** | ശിൽപശാലകൾ (കഥ, കവിത, നാടകം,നാടൻപാട്ട്, നാടൻ കലകൾ, കഥകളി, തുള്ളൽ) | | ജൂൺ 19 മുതൽ ജനവരി 31 വരെ | **മലയാളം സബ് ജക്ട് കൗൺസിൽ, വിദ്യാരംഗം, എസ് ആർ ജി, പിടിഎ.** | **5 മുതൽ 10 വരെ ക്ലാസ്സുകളിലെ മുഴുവൻ കുട്ടികളും.** | |
| | ഗവേഷണാത്മക പഠനത്തിനുള്ള അവസരമൊരുക്കൽ. | സ്കൂൾ ലൈബ്രറി ക്ലാസ് ലൈബ്രറി എന്നിവയിലെ പുസ്തക ശേഖരം വർദ്ധിപ്പിക്കുക. | കുട്ടികളുടെ **വീട്ടിലൊരുലൈബ്രറി** എന്ന ആശയം സാധ്യമാക്കുക. | ജൂൺ മുതൽ ജനവരി 31 വരെ | **മലയാളം സബ് ജക്ട് കൗൺസിൽ, വിദ്യാരംഗം, എസ് ആർ ജി, പിടിഎ.** | **5 മുതൽ 10 വരെ ക്ലാസ്സുകളിലെ മുഴുവൻ കുട്ടികളും.** | |
| | സർഗ്ഗാത്മക പ്രവർത്തനങ്ങൾക്ക് അവസരമൊരുക്കുക. | കുട്ടികളുടെ സ്വതന്ത്ര രചനകൾ ചേർത്ത് പതിപ്പ് തയ്യാറാക്കുക | | ജൂൺ മുതൽ ഫെബ്രുവരിവരെ | **മലയാളം സബ് ജക്ട് കൗൺസിൽ, വിദ്യാരംഗം, പത്രാധിപ സമിതി** | **5 മുതൽ 10 വരെ ക്ലാസ്സുകളിലെ സാധ്യാമാകുന്നത്ര കുട്ടികൾ.** | |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | | മാസത്തിൽ ഒന്ന് | | | |
| | | | കുട്ടികൾക്ക് പ്രചോദനമാകാൻ അധ്യാപകരുടെ രചനകൾകൂടി ഉൾപ്പെടുത്തി | | ഓണം, ക്രിസ്തുമസ് വിശേഷാ പതിപ്പ് | **സബ്ജക്ട് കൗൺസിൽ, വിദ്യാരംഗം, എസ് ആർ ജി, പത്രാധിപ സമിതി** | |
| | | | കുട്ടികളുടെയും അധ്യാപകരുടെയും രചനകൾ ഉൾപ്പെടുത്തി | വാർഷിക പതിപ്പ്. | ഫെബ്രുവരി 15 ന് മുമ്പായി | **സബ്ജക്ട് കൗൺസിൽ, വിദ്യാരംഗം, എസ് ആർ ജി, പിടിഎ, പത്രാധിപ സമിതി** | |
| | ഭാഷയുടെ അടിസ്ഥാന ശേഷിവികസനം, ആശയസംവേദം ഇവ വളർത്താനും പദസമ്പത്ത് വളർത്താനും പഠിതാകളെ പ്രാപ്തമാക്കുക | **എന്റെ അവധിക്കാലം** | പഠിതാകൾ അവരുടെ അവധിക്കാല അനുഭവങ്ങൾ വിവിധ വ്യവഹാരങ്ങളിലൂടെ അനുഭവങ്ങൾവിവിധ വ്യവഹാരങ്ങളിലൂടെ [കഥ, കവിത, യാത്രാനുഭവം, അനുഭവകുറിപ്പ്] അവതരിപ്പിക്കുന്നു | ജൂൺ മാസം | **അതത് ക്ലാസ്സിലെ മലയാളം അധ്യാപകർ.** | **5 മുതൽ 7 വരെ ക്ലാസ്സുകളിലെ മുഴുവൻ കുട്ടികളും.** | |
| | | **ഭാഷാകേളി** | അക്ഷരങ്ങളും പദങ്ങളും ആവർത്തിച്ച് വരുന്ന വരികൾ ഉച്ചരിച്ച് അക്ഷരശുദ്ധി അസ്വാദനം എന്നിവ വളർത്തുന്നു | ജൂലൈ മാസം | | | |
| | | **വാക്കുകളിൽ നിന്നും വാക്യത്തിലേക്ക്** | അക്ഷരങ്ങളും ചിഹ്നങ്ങളും ഉൾപ്പെട്ട കാർഡുകൾ | ആഗസ്റ്റ് മാസം | | | |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | ഉപയോഗിച്ച് പദങ്ങളുടെയും വാക്യങ്ങളുടെയും നിർമ്മാണം. | | | | |
| | പഠിതാവിൽ അർത്ഥപൂർണ്ണമായ വായന ഉറപ്പുവരുത്തുക. | **വാർത്താലോകത്തേക്ക്** | **പത്രം, ആഴ്ചപതിപ്പുകൾ, മാസികകൾ, എന്നിവ പഠിതാകൾ വായിക്കുകയും പ്രതികരണ ശേഷി ഉണർത്തുകയും ഉച്ചാരണശുദ്ധി വളർത്തുകയും ചെയ്യുന്നു.** | എല്ലാ ദിവസവും | അതത് ക്ലാസ്സിലെ മലയാളം അധ്യാപകർ. | 5 മുതൽ 7 വരെ ക്ലാസ്സുകളിലെ മുഴുവൻ കുട്ടികളും. | |
| | **കുട്ടികളെ ഡിജിറ്റൽ വായന പരിചയപ്പെടുത്തുന്നു.** | **വാർത്താവായന** | ICT സഹായത്താൽ സ്ക്രീനിൽ തെളിയുന്ന വാർത്തകൾ കുടിക്കളകൊണ്ട് വായിപ്പിക്കുന്നു. ക്ലാസ് തലത്തിൽ വായന നടത്തി. തിരഞ്ഞെടു ത്ത കുട്ടികൾക്ക് ക്ലബ്ബ് തലത്തിൽ അവസരം നൽകുന്നു. | പ്രതിമാസം | മലയാളം ക്ലബ്ബ് | 5 മുതൽ 7 വരെ ക്ലാസ്സുകളിലെ മുഴുവൻ കുട്ടികളും. | |
| | **വായന പ്രോത്സാഹിപ്പിക്കുക** | **ക്വിസ് - മൽസരം നടത്തുന്നു** | അതാത് മാസത്തെ പ്രധാന സഭവങ്ങൾ ക്ലാസ് ലൈബ്രറി പുസ്തകങ്ങൾ, | വർഷത്തിൽ 3 പ്രാവശ്യം | മലയാളം ക്ലബ്ബ് | 5 മുതൽ 7 വരെ ക്ലാസ്സുകളിലെ മുഴുവൻ കുട്ടികളും. | |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | സ്കൂൾ ലൈബ്രറി പുസ്തകങ്ങൾ എന്നിവയെ ആസ്പദമാക്കി ക്വിസ് - മൽസരം നടത്തുന്നു | | | | |
| | സാഹിത്യ കൃതികളോടും സാഹിത്യകാരൻമാരോടുമുള്ള അനുകൂല മനോഭാവം വളർത്തുകവഴി പഠിതാക്കളുടെ സർഗ്ഗാത്മക ശേഷി വളർത്തുക. | **സംവാദം / മുഖാമുഖം** | കുട്ടികൾക്ക് സാഹിത്യകാരൻമാർ, എഴുത്തുകാർ, കലാകാരൻമാർ എന്നിവരുമായി ഇടപഴകുന്നതിനും സംവദിക്കുന്നതിനുമം അവസരം ഒരുക്കുന്നു | **വർഷത്തിൽ രണ്ടു പ്രാവശ്യം** | **മലയാളം സബ്ജക്ട് കൗൺസിൽ, എസ് ആർ ജി, പിടിഎ** | **5 മുതൽ 7 വരെ ക്ലാസ്സുകളിലെ മുഴുവൻ കുട്ടികളും.** | |
| | മലയാളം കംപ്യൂട്ടിംഗിൽ പരിജ്ഞാനം നൽകുക | മലയാളം കംപ്യൂട്ടിംഗ് | മലയാളം കംപ്യൂട്ടിംഗിൽ പരിജ്ഞാനമാർജിക്കലും സർഗ്ഗശേഷി വളർത്തലും കുട്ടികൾക്ക് കംപ്യൂട്ടറിൽ മലയാളം ടൈപ്പ്ചെയ്യാൻ പരിശീലനം നൽകുന്നു. | **വർഷത്തിൽ രണ്ടു പ്രാവശ്യം** | **മലയാളം വിഷയസമിതി, എസ്ഐടിസി, മലയാളം കംപ്യൂട്ടിംഗിൽ പരിജ്ഞാനമുള്ള അധ്യാപകർ, ഐടി ക്ലബ്ബ്( ലിറ്റിൽ കൈറ്റ്സ്), വിദ്യാരംഗം,** | **5 മുതൽ 7 വരെ ക്ലാസ്സുകളിലെ മുഴുവൻ കുട്ടികളും.** | |
| | | ഇ -മാഗസിൻ തയ്യാറാക്കുന്നു | കുട്ടികൾ മലയാളം ഇ - മാഗസിൻ തയ്യാറാക്കുന്നു | | | | |
| | പാഠഭാഗത്തിലെ ആശയങ്ങൾ ഉൾക്കൊണ്ട് കലാരൂപം അവതരിപ്പിക്കുക. | **രംഗാവിഷ്കാരം** | പഠിതാകൾക്ക് പാഠഭാഗത്തിലെആശയങ്ങൾ ഉൾക്കൊണ്ട് ചൊൽക്കാഴ്ചകൾ, ലഘുനാടകങ്ങൾ, മറ്റ് | **മാസത്തില ൊന്ന്** | **മലയാളം വിഷയസമിതി, വിദ്യാരംഗം, എസ് ആർ ജി.** | **5 മുതൽ 7 വരെ ക്ലാസ്സുകളിലെ മുഴുവൻ കുട്ടികളും.** | |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | കലാരൂപങ്ങൾ തുടങ്ങിയവ അവതരിപ്പിക്കാൻ വേദിഒരുക്കുന്നു | | | | |
| | ആശങ്കയില്ലാതെ സദസ്സിനെ അഭിമുഖീകരിക്കാനുള്ള ശേഷി വളത്തുക. അവതരണശ്ഷി വളർത്തുക. | കുട്ടി -എഫ്എം | വിശേഷ ദിനങ്ങളും ദിനാചര- ണവുമായി ബന്ധപ്പെട്ട പരിപാടികൾ എഫ്എം മാതൃകയിൽ സ്കൂൾ ഉച്ചഭാഷിണിയിലൂടെ അവതരിപിക്കുന്നു. വിവിധ രംഗങ്ങളിൽ മികവ് തെളിയിക്കുന്ന കുട്ടികളുമായുള്ള അഭിമുഖം എഫ്എമിൽ നടത്തുന്നു. വായിച്ച പുസ്തകത്തിന്റെ അസ്വാദനം തയ്യാറാക്കി അവതരിപ്പിക്കുന്നു. ഓരോ ആഴ്ചയിലേയും ഏറ്റവും പ്രധാനപ്പെട്ട വാർത്തകളുടെ അവതരണം നടത്തുന്നു. സ്കൂളിലെ പ്രധാനപ്പെട്ട സംഭവങ്ങൾ വർത്തയായി അവതരിപ്പിക്കുന്നു. | എല്ലാ വെള്ളിയാഴ്ചയും. | മലയാളം സബ്ജക്ട് കൗൺസിൽ, പത്രാധിപ സമിതി, വിദ്യാരംഗം. | 5 മുതൽ 7 വരെ ക്ലാസ്സുകളിലെ മുഴുവൻ കുട്ടികളും. | |
| | | അറബിക് | | | | | |
| | പദസമ്പത്ത് അധികരിപ്പിച്ച് അറബിക് ഭാഷാശേഷി | പാഠപുസ്തകത്തിലെ വാക്കുകൾക്കും പദങ്ങൾക്കും പുറമെയുള്ള പദങ്ങൾ പരിചയപ്പെടുത്തുക. | 10 വാക്കുകൾ വീതം. | എല്ലാ ആഴ്ചയും. | അതത് ക്ലാസ്സിലെ അറബ് ടീച്ചർ | 5 മുതൽ 10 വരെ ക്ലാസ്സുകളിലെ അറബ് പഠിതാക്കൾ | |

| | | | | | | | |
|---|---|---|---|---|---|---|---|
| | വർദ്ധിപ്പിക്കുക. | | | | | | |
| | പുതിയ പദങ്ങൾ കണ്ടെത്താൻ പഠികാക്കൾക്ക് അവസരമൊരുക്കുക | പുതിയ പദങ്ങൾ കണ്ടെത്താൻ പഠിതാകൾക്ക് അവസരമൊരുക്കുന്നു. | കഥ, കവിത പുസ്തകങ്ങളിൽനിന്നോ ICT സഹായത്തിലൂടെയോ പുതിയ പദങ്ങൾ കണ്ടെത്താൻ പഠികാക്കൾക്ക് അവസരമൊരുക്കുന്നു. | | | | |
| | മികവോടെ ഭാഷ ഉപയോഗിക്കാൻ പഠിതാക്കളെ പ്രാപ്തരാക്കുക | മികവിനും പങ്കാളിത്തത്തിനും അവസരം നൽകുന്നു | ലഘു സംഭാഷണങ്ങൾ, പാഠഭാഗ അവതരണം എന്നിവയ്ക്ക്പഠിതാക്കൾക്ക് അവസരമൊരുക്കുന്നു. മികവിനും പങ്കാളിത്തത്തിനും സമ്മാനങ്ങൾ നൽകുന്നു. | | | | |
| | | | ദൈനദിന ജീവിതത്തിൽ ഉപയോഗിക്കുന്ന പദങ്ങൾ പരിശീലിപ്പിക്കുന്നു. | | | | |
| | | | ക്ലാസ്സ്തല വായാന മത്സരം നടത്തുന്നു | | മാസത്തിലൊന്ന് | | |
| | | | ക്ലാസ്തല ക്വിസ് മത്സരം | | മാസത്തിലൊന്ന് | | |
| | | | ആശയങ്ങളും പദങ്ങളുടെ അർത്ഥങ്ങളും കുട്ടികളിലേക്ക് എത്തിക്കുകവഴി ഓരോ യൂണിറ്റിലെയും പുതിയ | | യൂണിറ്റ് പഠനം പൂർത്തിയാകുമ്പോൾ | | |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | പദങ്ങൾ കണ്ടെത്തി കുട്ടികൾ നിഘണ്ടു തയ്യാറാക്കുന്നു. | | | | |
| | അറബിക് ഭാഷയിൽ സർഗ്ഗശേഷി ഉയർത്തുക | പഠിതാക്കളുടെ ബാലസഭ ചേരുന്നു. | സ്കൂൾ റേഡിയോയിൽ കഥാകഥനം, പ്രസംഗം, വാർത്താവതരണം തുടങ്ങിയവക്ക് അവസരം ഒരുക്കുന്നു. | മാസത്തിലൊന്ന് | | | |
| | കംപ്യൂട്ടറിൽ അറബി ഭാഷാ പരിശീലിപ്പിക്കുക | | കംപ്യൂട്ടറിൽ അറബ് അക്ഷരങ്ങൾ അക്കങ്ങൾ എന്നിവ പരിചയപ്പെടുത്തുന്നു | മാസത്തിലൊന്ന് | | | |
| | കരിക്കുലം ലക്ഷ്യംവെക്കുന്ന പഠന നേട്ടങ്ങൾ എല്ലാ കുട്ടികളിലും ഉറപ്പുവരുത്തുക. | | . പഠിതാക്കളുടെ നിരന്തര വിലയിരുത്തൽ നടത്തുന്നു | എല്ലാ ദിവസവും | | | |
| | | | പഠനത്തിൽ പിന്നാക്കം നിൽക്കുന്ന കുട്ടികൾക്ക് പഠന പിന്തുണ നൽകി മുന്നിലേക്ക് കൊണ്ടുവരുക ഫ്രീ പിരീഡുകൾ, പഠന ഇടവേളകൾ ഇവ പ്രയോജനപ്പെടുത്തി ബാലസഭ അംഗങ്ങളുടെ പങ്കാളിത്തതോടെ | .ആഴ്ചയിൽ രണ്ട് ക്ലാസ്സുകൾ | | | |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | പ്രത്യേക പരിശീലനം നൽകുന്നു | | | | |
| | സംസ്കൃതം | | | | | | |
| | കുട്ടിയെ അറിയുക | രചനയും സംഭാഷണവും | പ്രീ- ടെസ്റ്റ് നടത്തി കുട്ടികളുടെ കഴിവുകളും പരിമിതികളും തിരിച്ചറിയുന്നു. | ജൂൺ രണ്ടാം വാരം | | | |
| | | | നിത്യജിവിതത്തിൽ ഉപയോഗിക്കുന്ന സംസ്കൃത പദങ്ങൾ പരിചയപ്പെടുകയും അവയുടെ എണ്ണം വർദ്ധിപ്പിക്കുകയും ചെയ്യുക | | | | |
| | | | അർത്ഥം അറിഞ്ഞുള്ള വായന ഉറപ്പാക്കുക. | | | | |
| | | | പഠിതാക്കളുടെ സംസ്കൃത ഭാഷയിലുള്ള സർഗ്ഗാത്മകത വികസിപ്പിക്കുക | | | | |
| | പഠന ശിബിരങ്ങൾ സംഘടിപ്പിക്കുക | | | | | | |
| | | സംസ്കൃത പഠനത്തിന് വിവര സാങ്കേതികവിദ്യ ഉപയോഗപ്പെടുത്തുക | | | | | |
| | | സംസ്കൃത ഭാഷാ പഠനത്തിലേക്ക് കൂടുതൽ കുട്ടികളെ ആകർഷിക്കുക | | | | | |

| | | | | | | | |
|---|---|---|---|---|---|---|---|
| | | ഇംഗ്ലീഷ് | | | | | |
| | പഠന പിന്നാക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തുക. | കേട്ടേഴുത്ത്, വായന എന്നിവയിലൂടെ ഓരോ ക്ലാസ്സിലെയും പഠന പിന്നാക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തുന്നു. | ജൂൺ 15 ന് മുന്പായി | അതത് ക്ലാസ്സിലെ ഇംഗ്ലീഷ് അധ്യാപകർ | | 5 മുതൽ 10 വരെ എല്ലാ ഡിവിഷനിലെയും കുട്ടികൾ | |
| | പഠനത്തിൽ പിന്നാക്കം നിൽക്കുന്ന കുട്ടികളെ മുന്നോട്ട് കൊണ്ടുവരുന്നതിനായി ക്ലാസ്സിലെ മറ്റു കുട്ടികളെ ചുമതലപ്പെടുത്തുക | ഒഴിവ് സമയങ്ങളിൽ കുട്ടികളെ വായിക്കുന്നതിനും എഴുതുന്നതിനും സഹായിക്കുന്നു. ഇംഗ്ലീഷ് ക്ലബ്ബ് രൂപീകരിക്കുന്നു. | ജൂൺ 20 ന് മുന്പായി | ഓരോ ക്ലാസ്സിലെയും തിരഞ്ഞെടുക്കപ്പെട്ട കുട്ടികൾ | | 5 മുതൽ 10 വരെ എല്ലാ ഡിവിഷനിലെയും കുട്ടികൾ | |
| | മികച്ച ഇംഗ്ലീഷ് ഭാഷാ പഠനത്തിന് പാഠപുസ്തകത്തിന് പുറത്തുള്ള അധിക വായനയിലേക്ക് കുട്ടികളെ പ്രോത്സാഹിപ്പിക്കുക. | | | ആഴ്ചയിൽ 2 ദിവസം | | | |
| | ഇംഗ്ലീഷ്ഭാഷാ നൈപുണ്യം നേടുന്നതിനായി കുട്ടികളെ വ്യാകരണതത്വങ്ങൾ മനസിലാക്കിക്കുക | Language Games, Animated videos എന്നിവയുടെ സഹായത്തോടെ കുട്ടികളെ ഇംഗ്ലീഷ് ഭാഷയിലെ വ്യാകരണ തത്വങ്ങൾ മനസിലാക്കിക്കുന്നു. | ജൂലൈ ആദ്യവാരം മുതൽ...... | ഇംഗ്ലീഷ് അധ്യാപകർ | | | |

| | | | | | | | |
|---|---|---|---|---|---|---|---|
| | കുട്ടികളുടെ സർഗ്ഗശേഷി വർദ്ധിപ്പിക്കുക | | English skit, Role play എന്നിവയിലൂടെ | ജൂലൈ രണ്ടാം വാരം | | | |
| | ഭാവാത്മക വായന പരിശീലിപ്പിക്കുക | | Story telling, Recitation എന്നിവയിലൂടെ | ആഗസ്റ്റ് മാസം | | | |
| | പരീക്ഷ എഴുതുന്നതിന് കുട്ടികളെ പ്രാപ്തരാക്കുക | | Question papers workout ചെയ്യുക, Unit test | ആഗസ്റ്റ് മാസം | | | |
| | ഇംഗ്ലീഷ് ഭാഷയോടുള്ള ആത്മ വിശ്വാസം വർദ്ധിപ്പിക്കുക | | Magazine Preperation, Choreography,debate എന്നിവ സംഘടിപ്പിക്കുന്നു.Speech, Story telling, Role play | ഒക്ടോബർ | | | |
| | | ഹിന്ദി | | | | | |
| | പഠന പിന്നാക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തുക | സബ്ജക്ട് കൗൺസിൽ തയ്യാറാക്കുന്ന ഒരു പീരീഡിനുള്ളിൽ കുട്ടികൾക്ക് ഉത്തരം എഴുതിതീർക്കാൻ സാധി-ക്കുന്ന തരത്തിലുള്ള ലളിതമായ ചോദ്യപേപ്പർ ഉപയോഗിച്ച്. | ജൂൺ 15 ന് മുമ്പായി | അതത് ക്ലാസ്സുകാരിൽ പഠിപ്പിക്കുന്ന ഹിന്ദി അധ്യാപകർ | | 5 മുതൽ 10 വരെ എല്ലാ ഡിവിഷനിലെയും കുട്ടികൾ | |
| | അക്ഷരങ്ങളും ചിഹ്നങ്ങളും തിരിച്ചറിഞ്ഞ് ശരിയായ ഉച്ചാരണത്തോടെ ഭാഷ | | അക്ഷര കാർഡുകളും പദ കാർഡുകളും നിർമ്മിക്കുകയും പരസ്പരം കൈമാറുകയും ക്ലാസ്സിൽ പ്രദർശിപ്പിക്കുകയും ചെയ്യുന്നു. | ജൂൺ മാസം | ഹിന്ദി അധ്യാപകർ | എല്ലാ ക്ലാസ്സിലെയും പഠന പിന്നാക്കം നിൽക്കുന്ന കുട്ടികൾ, ഭിന്നശേഷി കുട്ടികൾ | |

| | | | | | | | |
|---|---|---|---|---|---|---|---|
| | ഉപയോഗിക്കാൻ കുട്ടികളെ പ്രാപ് തരാക്കുക. | | | | | | |
| | എഴുതാനും വായിക്കാനും പദങ്ങൾ കണ്ടെത്താനും സ്വയം തെറ്റു തിരുത്താനും മറ്റ് കുട്ടികളെ തെറ്റു തിരുത്താൻ സഹായിക്കാനും കുട്ടികളെ പ്രാപ് തരാക്കുക. | | പ്രവർത്തനം രണ്ടിൽ തയ്യാറാക്കിയ കാർഡുകൾ പരസ്പരം കൈമാറി വായിക്കുകയും തെറ്റ് തിരുത്തുകയും ചെയ്യുന്നു. കൂടാതെ പാഠപുസ്തകം, ക്ലാസ്സ് ലൈബ്രറിയിലെ ഹിന്ദി ശബ്ദകോശ് എന്നിവയുടെ സഹായം ഉപയോഗിക്കുന്നു. ആവശ്യ ഘട്ടത്തിൽ ക്ലാസ്സിലെ ഹിന്ദി ടീച്ചർ സഹായിക്കുന്നു. | ജൂലൈ മാസം | ഹിന്ദി അധ്യാപകർ | എല്ലാ ക്ലാസ്സിലെയും പഠന പിന്നാക്കം നിൽക്കുന്ന കുട്ടികൾ, ഭിന്നശേഷി കുട്ടികൾ | |
| | ആഴ്ചകളുടെ പേരുകൾ, മാസങ്ങളുടെ പേരുകൾ, അക്കങ്ങൾ എന്നിവ പരിചയ പ്പെടുത്തുന്നു. | | വിദ്യാർത്ഥിനികൾ തങ്ങളുടെയും കുടുംബാംഗങ്ങളുടെയും സുഹൃത്തുകളുടെയും ജനനതീയതി ഹിന്ദി അക്കങ്ങളും അക്ഷരങ്ങളും ഉപയോഗിച്ച് എഴുതി പരിശീലിക്കുന്നു. ഹിന്ദി ഭാഷയിൽ കലണ്ടർ തയ്യാറാക്കുന്നു. | ആഗസ്റ്റ് മാസം | ഹിന്ദി അധ്യാപകർ | എട്ടാം ക്ലാസ്സ് വരെയുള്ള കുട്ടികൾ | |
| | മികച്ച ഭാഷാപഠനത്തിന് പാഠപുസ്തകത്തിന് പുറത്തുള്ള അധിക | | ക്ലാസ്സ് ലൈബ്രറി, സ്കൂൾ ലൈബ്രറി എന്നിവയിൽനിന്ന് പുസ്തകങ്ങൾ | ഒക്ടോബർ മാസം | ലൈബ്രറിയൻ, ഹിന്ദി അധ്യാപകർ, ഹിന്ദി ക്ലബ്ബ് | ഹൈസ്കൂൾ ക്ലാസ് കുട്ടികൾ | |

| | | | | | | | |
|---|---|---|---|---|---|---|---|
| | വായനയിലേക്ക് കുട്ടികളെ പ്രോത്സാഹിപ്പിക്കുക. | | വായിക്കുന്നു. കാർട്ടൂൺ, ചിത്രകഥ, ഹിന്ദി പത്രങ്ങളുടെ ഡിജിറ്റൽ ക്ലിപ്പിംഗുകൾ എന്നിവയിൽനിന്ന് ആശയ ഗ്രഹണം നേടുന്നു. വായനാനുഭവ കുറിപ്പ് തയ്യാറാക്കുന്നു. | | | | |
| | പഠനാനുഭവങ്ങൾ പങ്കുവെക്കാൻ സാഹിത്യസദസ് സംഘടിപ്പിക്കുക. | | പാഠ ഭാഗങ്ങളെ ആസ്പദമാക്കി വിവിധ സാഹിത്യ രൂപങ്ങളുടെ അവതരണവും പങ്കുവെക്കലും ക്ലാസ്സ്ഥലത്തിൽ നടത്തുന്നു. | ജനവരി | ഹിന്ദി അധ്യാപകർ, ക്ലാസ്സിലെ ഹിന്ദിക്ലബ്ബ് അംഗങ്ങൾ | 5 മുതൽ 9 വരെ ക്ലാസ്സിലെ കുട്ടികൾ | |
| | എഴുത്തിലും വായനയിലും പിന്നാക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി പ്രത്യേക പരിശീലനം നൽകുന്നു. | | പാഠഭാഗവുമായി ബന്ധപ്പെട്ട ലളിതമായ വർക്ക്ഷീറ്റുകൾ നൽകി എഴുത്തിലും വായനയിലും സഹായംനൽകുന്നു. | ജൂൺ,ജൂലൈ | ഹിന്ദി അധ്യാപകർ, ക്ലാസ്സിലെ ഹിന്ദി ക്ലബ്ബ് അംഗങ്ങൾ | പത്താം ക്ലാസ് കുട്ടികൾ | |
| | ഭാഷാ നൈപുണ്യം നേടാൻ വ്യാകരണ തത്വങ്ങൾ മനസിലാക്കിക്കുക. | | ലളിത വാക്യ രചനയിലൂടെ വ്യാകരണ തത്വങ്ങൾ മനസിലാക്കുന്നു. അതിലൂടെ ശരിയായ ഭാഷ ഉപയോഗിക്കാൻ കുട്ടികൾ പ്രപ്തി നേടുന്നു. | ജൂലൈ ആഗസ്റ്റ് | ഹിന്ദി അധ്യാപകർ | പത്താം ക്ലാസ് കുട്ടികൾ | |

| | | | | | | | |
|---|---|---|---|---|---|---|---|
| | കുട്ടിയുടെ സർവ്വതോന്മുഖ വികാസത്തിന് പാഠ്യേതര വായന സംസ്കാരം വളർത്തേണ്ടത് ആവശ്യമാണ്. | | ലൈബ്രറി പുസ്തകങ്ങൾക്കൊപ്പം ഹിന്ദി പത്രവും ആനുകാലികങ്ങളും വായിക്കുന്നു. ഐടിയുടെ സഹായത്തോടെ ഹിന്ദി ഈ റീഡിംങും ശ്രവ്യ, ദൃ ശ്യ മീഡിയകളും പ്രയോജന പ്പെടുത്തുന്നു. | രണ്ടാം ടേം മുതൽ | ഹിന്ദി അധ്യാപകർ | ഒമ്പതാം ക്ലാസ് കുട്ടികൾ | |
| | ഹിന്ദി സാഹിത്യ സമാജം | | പഠനാനുഭവങ്ങളും വായനാനുഭവങ്ങളും പങ്കുവെക്കുന്ന സാഹിത്യ സദസുകൾ | ക്ലാസ് തലത്തിൽ ആഴ് ചയിലൊന്ന്. സ്കൂൾ തലത്തിൽ മാസത്തിൽ ഒന്ന് | ഹിന്ദി അധ്യാപകർ, ക്ലാസ്സിലെ ഹിന്ദിക്ലബ്ബ് അംഗങ്ങൾ | എല്ലാകുട്ടികളും | |
| | സൃജനതയിലേക്ക് ഉയരുന്ന പഠനാനുഭവം സാധ്യമാക്കുക. | | സ്വതന്ത്ര രചനകളുടെ സമാഹാരം തയ്യാറാക്കുന്നു. | ക്ലാസ് തലത്തിൽ മാസത്തിൽ ഒന്ന്. | ഹിന്ദി അധ്യാപകർ, ക്ലാസ്സിലെ ഹിന്ദിക്ലബ്ബ് അംഗങ്ങൾ | 5 മുതൽ 10 വരെ ക്ലാസ്സിലെ കുട്ടികൾ | |
| | ഇതര ഭാഷകളെ ആശ്രയിക്കാതെ ന്നെ ഹിന്ദി പാഠഭാഗങ്ങൾ മനസിലാക്കാൻ കുട്ടിയെ പ്രാപ്തമാക്കുക. | | ഹിന്ദി പാഠഭാഗങ്ങൾ ലളിതമായി ഹിന്ദി ഭാഷയിൽ വ്യാഖ്യാനിച്ചു നൽകുന്നു. | ജൂൺ മുതൽ | ഹിന്ദി അധ്യാപകർ | പത്താം ക്ലാസ്സ് കുട്ടികൾ | |
| | ആശയങ്ങളെ ഹിന്ദി ഭാഷയിൽ | | കുട്ടികൾക്ക് പരസ്പരവും മറ്റുള്ളവരോടും | രണ്ടാം ടേം | ഹിന്ദി അധ്യാപകർ, | പത്താം ക്ലാസ്സ് കുട്ടികൾ | |

| | | | | | | | |
|---|---|---|---|---|---|---|---|
| | അവതരിപ്പിക്കാൻ കുട്ടികളെ പ്രപ്തരാക്കുക | | സങ്കോചമില്ലാതെ ഹിന്ദി ഭാഷ സംസാരിക്കാൻ അവസരം ഒരുക്കുന്നു. | | ക്ലാസ്സിലെ ഹിന്ദിക്ലബ്ബ്, സ്കൂൾ പിടിഎ | | |
| | ഹിന്ദി ശില്പശാല | | പത്താം ക്ലാസ് കുട്ടികളെ ആത്മ വിശ്വാസത്തോടെ പൊതു പരീക്ഷ എഴു താൻ പ്രാപ്തരാക്കാൻ പ്രത്യേക പഠന ശില്പശാല | ഫെബ്രുവരി | ഹിന്ദി അധ്യാപകർ, പിടിഎ | പത്താം ക്ലാസ്സ് കുട്ടികൾ | |
| | പാഠപുസ്തകത്തിനും ക്ലാസ്തല പഠന പ്രവർത്തനങ്ങൾക്കും അപ്പുറം കുട്ടികളിൽ ഹിന്ദി ഭാഷാസ് നേഹം വളർത്തുക. | | ക്ലാസ് മുറിക്ക് അകത്തും പുറത്തും ഹിന്ദി ഭാഷാ പഠനത്തോട് കുട്ടികൾക്ക് ഇഷ്ടം ഉണ്ടാകാൻ ഉതകുന്ന തരത്തിൽ ഹിന്ദി സദസ്സുകൾ സംഘടിപ്പിക്കുന്നു | ജൂൺ മുതൽ ഫെബ്രുവരി വരെ | ഹിന്ദി അധ്യാപകർ, ഹിന്ദിക്ലബ്ബ് അംഗങ്ങൾ | സ്കൂളിലെ മുഴുവൻ കുട്ടികളും | |
| | | സാമൂഹ്യശാസ്ത്രം | | | | | |
| | സാമൂഹ്യശാസ്ത്ര പഠനം എളുപ്പമാക്കുക. | | ചരിത്രപ്രാധാന്യമുള്ള സ്ഥലങ്ങളിലേക്ക് പഠന യാത്രകൾ സംഘടിപ്പിക്കുന്നു. | | | | |
| | | | പുരാവസ്തുക്കൾ, നാണയങ്ങൾ എന്നിവയുടെ ശേഖരണവും പ്രദർശനവും സംഘടിപ്പിക്കുന്നു. | സാമൂഹ്യശാ സ്ത്ര ക്ലബ്ബ് | | | |
| | | | | മോക്ക് പാർലമെന്റ് സംഘടിപ്പി ക്കുന്നു. | | | |
| | ഭൂപട വായന | | ഭൂമിശാസ്ത്ര പഠനം | | | | |

| | | | | | | | |
|---|---|---|---|---|---|---|---|
| | സാധ്യമാക്കുക | | ലളിതമാക്കാൻ അറ്റ്ലസ്, മാപ്പുകൾ, ഗ്ലോബുകൾ തുടങ്ങിയവ പരിചയപ്പെടുത്തുന്നു. കുട്ടികൾ വിവിധ അറ്റ്ലസുകൾ തയ്യാറാക്കുന്നു. അവ പ്രദർശിപ്പിക്കുന്നു. | | | | |
| | കുട്ടികളുടെ ചരിത്ര പഠന അറിവുകൾ ഉറപ്പിക്കുകയും വർദ്ധിപ്പിക്കുകയും ചെയ്യുക. | | കുട്ടികൾ ചരിത്ര പാഠ സംബന്ധിയായ പ്രോജക്കുകൾ തയ്യാറാക്കുന്നു. ചർച്ചകൾ, സംവാദങ്ങൾ, വിഷയ വിദഗ്ദരുടെ ക്ലാസ്സുകൾ, അഭിമുഖങ്ങൾ എന്നിവയിലൂടെ ചരിത്ര പഠന അറിവുകൾ ഉറപ്പിക്കുകയും വർദ്ധിപ്പിക്കുകയും ചെയ്യുന്നു. | | | | |
| | സാമൂഹ്യശാസ്ത്ര വിജ്ഞാനം വർദ്ധിപ്പിക്കുക. | | ക്വിസ്സുകൾ, ദിനാചരണങ്ങൾ, പ്രശ്നോത്തരികൾ എന്നിവ സംഘടിപ്പിക്കുന്നു. | | | | |
| | | ഭൗതികശാസ്ത്രം | | | | | |
| | From simple task to Grate concept | | Simple experiments ചെയ്യുവാൻ കുട്ടികൾക്ക് അവസരം നൽകുന്നു. | ജൂൺ, ജൂലൈ | ഭൗതികശാസ്ത്ര അധ്യാപകർ | 8,9,10 ക്ലാസ്സിലെ കുട്ടികൾ. | |
| | Improvised | | ചുറ്റുപാടുകളിൽനിന്നും | ജൂൺ, | ഭൗതികശാസ്ത്ര | 8,9,10 ക്ലാസ്സിലെ | |

| | | | | | | | |
|---|---|---|---|---|---|---|---|
| | Experiments | | ശേഖരിക്കുന്ന വിലകുറഞ്ഞ വസ്തുക്കൾ ഉപയേഗിച്ച് lenses, models, experiments ഇവ ചെയ്യുന്നു. | ജൂലൈ - ഫെബ്രുവരി | അധ്യാപകർ | കുട്ടികൾ. | |
| | ഭൗതികശാസ്ത്ര പോഷണം സാധ്യമാക്കുക | | കുട്ടികളുടെ വായനക്കായി ഭൗതികശാസ്ത്രവുമായി ബന്ധപ്പെട്ട അറിവുകൾ ലഭിക്കുന്ന പുസ്തകങ്ങൾ, മാസികകൾ, മറ്റ് പ്രസിദ്ധീകരണങ്ങൾ എന്നിവ സ്കൂൾ ലൈബ്രറി, ക്ലാസ് ലൈബ്രറി എന്നിവിടങ്ങളിൽ ലഭ്യമാക്കുന്നു.<br><br>ഭൗതികശാസ്ത്രവുമായി ബന്ധപ്പെട്ട ദിനാചരണങ്ങൾ സംഘടിപ്പിക്കുന്നു.<br><br>കുട്ടികൾ ശാസ്ത്രജ്ഞൻമാരുടെ ജീവചരിത്ര കുറിപ്പുകൾ തയ്യാറാക്കുന്നു. പാഠഭാഗവുമായി ബന്ധപ്പെട്ട ലേഖനങ്ങൾ സമാഹരിക്കുന്നു. ഭൗതികശാസ്ത്ര പതിപ്പുകൾ തയ്യാറാക്കുന്നു. | ജൂൺ മുതൽ ഫെബ്രുവരി വരെ. | ഭൗതികശാസ്ത്ര അധ്യാപകർ | 8,9,10 ക്ലാസ്സിലെ കുട്ടികൾ. | |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | ശാസ്ത്ര സിനിമകൾ, ഭൗതികശാസ്ത്രകാരൻമാരുടെ ജീവചരിത്രം അടിസ്ഥാനമാക്കിയുള്ള സിനിമകൾ, ഡോക്കുമെന്ററികൾ ഇവ പ്രദർശിപ്പിക്കുന്നു.<br><br>കുട്ടികൾ ശാസ്ത്ര വാർത്തകൾ ഉൾപ്പെടുത്തി ഡയറി എഴുതുന്നു.<br><br>ശാസ്ത്ര മേളയിൽ കുട്ടികളുടെ പങ്കാളിത്തവും മികവും ഉറപ്പാക്കുന്നു. | | | | |
| | ഭിന്നശേഷി കുട്ടികളുടെ ശേഷി വർദ്ധിപ്പിക്കുക | | ICT, Working models, ചിത്രങ്ങൾ, ചാർട്ടുകൾ ഇവയുടെ സഹായത്തോടെ ഭിന്നശേഷി കുട്ടികളെ പഠന പ്രവർത്തനങ്ങളുടെ ഭാഗമാക്കുന്നു. (സഹവർത്തിത്വം) | ജൂൺ മുതൽ | ഭൗതികശാസ്ത്ര അധ്യാപകർ | 8,9,10 ക്ലാസ്സിലെ ഭന്നശേഷി കുട്ടികൾ. | |
| | പഠന പിന്നാക്കം നിൽക്കുന്ന കുട്ടികളുടെ ഗ്രേഡ് മെച്ചപ്പെടുത്തുക. | | മുന്നറിവുകൾ, ക്ലാസ് ടെസ്റ്റുകൾ എന്നിവയുടെ സഹായത്തോടെ പഠന പിന്നാക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തുന്നു. അവർക്ക് ക്ലാസ് സമയത്തിന് പുറത്തുള്ള | ജൂൺ | അധ്യാപകർ | പിന്നാക്കം നിൽക്കുന്ന കുട്ടികൾ | |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | സമയം കണ്ടെത്തി റെമഡിയൽ ടീച്ചിംഗ് നൽകുന്നു. | | | | |
| | കുട്ടികളെ തൊഴിൽ നൈപുണ്യം നേടാൻ സഹായിക്കുക. | | പാഠഭാഗവുമായി ബന്ധപ്പെട്ട LED നിർമ്മാണം പരിശീലിപ്പിക്കുന്നു. | ഒക്ടോബർ | വിഷയസമിതി | തത്പരരായ പരമാവധി കുട്ടികൾ | |
| | രസതന്ത്രം | | | | | | |
| | ശാസ്ത്ര വിദ്യാഭ്യാസത്തോട് കൂടുതൽ മമതാപരമായ നിലപാടും ജനാധിപത്യ സഹകരണമനോഭാവവും വളർത്തുക. | ക്ലാസ്സിലും ക്ലബ്ബിലും കുട്ടികൾ ലഘുപരീക്ഷണങ്ങൾ നടത്തുന്നു. | പീരിയോഡിക്കൽ ടേബിളിന്റെ മാതൃക എല്ലാ ക്ലാസ്സിലും പ്രദർശിപ്പിച്ച് കുട്ടികൾക്ക് പരിചിതമായ മൂലകങ്ങളുടെ പ്രതീകം അവയുടെ രാസ-ഭൗതിക ഗുണങ്ങൾ എന്നീ പ്രത്യേകതകളെ കുറിച്ച് ലഘുവിവരണങ്ങൾ തയ്യാറാക്കി ക്ലാസ്സിൽ അവതരിപ്പിക്കിന്നു. പരമാവധി കുട്ടികളെ മേളകളിൽ പങ്കെടുപ്പിക്കുന്നു. | ജൂൺ മുതൽ | വിഷയ സമിതി | എല്ലാകുട്ടികളും | |
| | കുട്ടികളിൽ ശാസ്ത്രാഭിരുചി വളർത്തുക. മറ്റുള്ളവരുടെ നിലപാടുകളോടും ചിന്തകളോടും കൂടുതൽ സംവേദനക്ഷമത വളർത്തുക. | | ശാസ്ത്രജ്ഞരുടെ ജീവചരിത്ര ക്കുറിപ്പ് തയ്യാറാക്കുന്നു. ശാസ്ത്രജ്ഞരുടെ സംഭാവനകളെ കുറിച്ചുള്ള വീഡിയോ പ്രദർശിപ്പിക്കുന്നു. | ജൂൺ മുതൽ | വിഷയ സമിതി | എല്ലാകുട്ടികളും | |

| | | | | | | | |
|---|---|---|---|---|---|---|---|
| | പഠനത്തിൽ പിന്നാക്കം നിൽക്കുന്ന കുട്ടികൾക്കും ഭിന്നശേഷി കുട്ടികൾക്കും അധിക പരിശീലനം നൽകുക. | | പഠന പിന്നാക്കം നിൽക്കുന്ന കുട്ടികൾക്ക് പാഠഭാഗങ്ങൾ കുട്ടികളിലെത്തിക്കാൻ വർക്ക്ഷീറ്റുകൾ നൽകുന്നു. നിത്യജീവിതവുമായി ബന്ധപ്പെട്ട വസ്തുക്കൾ ഉപയോഗിച്ച് മോഡൽ നിർമ്മാണം, ചിത്രങ്ങൾ, ലഘുപീക്ഷണങ്ങൾ, ICT സാധ്യത ഇവ ഉപയോഗിക്കുന്നു. അടുക്കള ഒരു പരീക്ഷണശാല. നിത്യജീവിതതിൽ ഉപയോഗിക്കുന്ന വസ്തുകളിൽ അടങ്ങിയിരിക്കുന്ന രാസപദാർത്ഥങ്ങൾ കണ്ടെത്തുന്നു. | ജൂൺ, ജൂലൈ | വിഷയ സമിതിക്ലാസ്സിലെ മിടുക്കരായ കുട്ടികൾ | എല്ലാകുട്ടികളും | |
| | പഠനത്തിൽ മുന്നാക്കം നിൽക്കുന്ന കുട്ടികൾക്ക് അധിക പരിശീലനം നൽകുക. | | ഉന്നത നിലവാരമുള്ള ചോദ്യങ്ങൾ നൽകുന്നു. നൂതന ആശയങ്ങൾ നൽകി അതിന്റെ പേപ്പർ പ്രസന്റേഷൻ ക്ലാസ്സിൽ അവതരിപ്പിക്കുന്നു. Improvised Model നിർമ്മാണം. പാഠഭാഗങ്ങൾ നിത്യജീവിതവുമായി ബന്ധപ്പെടുത്തുന്ന | ജൂൺ മുതൽ | വിഷയ സമിതി | പ്രതിഭകളായ കുട്ടികൾ | |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | പോസ്റ്റർ നിർമ്മാണം.<br>ICT സാധ്യത, സ്ലൈഡ് നിർമ്മാണം, സെമിനാർ എന്നിവ പ്രയോജന പ്പെടുത്തുന്നു.<br>മണ്ണ്, ജലം ഇവയുടെ PH മൂല്യം കണ്ടെത്തുന്നു.<br>ജലസംരക്ഷണബോധവ ത്കരണം നടത്തുന്നു.<br>പ്ലാസ്റ്റിക് നിർമ്മാർജനം.<br>Role Play, Skit. | | | | |
| | നിരീക്ഷണ പാടവം പരിപോഷിപ്പിക്കുക. | | ക്ലബ്ബ് അംഗങ്ങൾക്ക് പഠനയാത്ര | | വിഷയ സമിതി, എസ്ആർജി, ടൂർ കമ്മിറ്റി, പിടിഎ | ക്ലബ്ബ് അംഗങ്ങൾ | |
| | | ജീവശാസ്ത്രം | | | | | |
| | വിദ്യാഭ്യാസ ലക്ഷ്യങ്ങൾ കാലാനുസൃതമായ മാറ്റങ്ങൾ ഉൾക്കൊണ്ട് മാനവികതയിൽ അടിയുറച്ച ഒരു സാമൂഹ്യ സൃഷ് ടിക്കുവേണ്ടി പരിസ്ഥിതി ബോധം, സാമൂഹ്യനീതി, ജനാധിപത്യ സഹകരണ മനോഭാവത്തോട്കൂ ടി ശാസ്ത്രബോധം കുട്ടികളിൽ | | ക്ലാസ്സിലും ക്ലബ്ബിലുംകുട്ടികൾ ലഘു പരീക്ഷണങ്ങൾ നടത്തുന്നു. പോഷക സമൃദ്ധമായ ലഘുഭക്ഷണ വസ്തുകളുടെ പ്രധാന്യവും അവ കഴിക്കേണ്ടതിന്റെ ആവശ്യകതയും ബോധ്യപ്പെടുത്തുന്നു. ന്യൂറോണിന്റെ മാതൃക കുട്ടികളെ കൊണ്ട് തയ്യാറാക്കിപ്പിക്കുന്നു. മൈക്രോസ്കോപ്പിന്റെ വിവിധ ഭാഗങ്ങൾ മനസിലാക്കുന്നു. നിരീക്ഷണ വസ്തു കുട്ടികളെകൊണ്ട് | ജൂൺ – ഫെബ്രുവരി | ജീവശാസ്ത്ര അധ്യാപകർ | എല്ലാ കുട്ടികളും | |

| | | | | | | | |
|---|---|---|---|---|---|---|---|
| | വളർത്തുക. | | തയ്യാറാക്കുന്നു. വിവിധതരം ആഹാരത്തിലെ പോഷക ഘടകങ്ങളെ കുറിച്ചും അവയുടെ ധർമ്മവും ലഘുവിവരണങ്ങളാക്കി ക്ലാസ്സിലവതരിപ്പിക്കുന്നു. പരമാവധി കുട്ടികളെ മേളകളിൽ പങ്കെടുപ്പിക്കുന്നു. | | | | |
| | കുട്ടികളിൽ ശാസ്ത്രാഭിരുചി വളർത്തുക, ശാസ്ത്ര നിലപാടുകളോടും ചിന്തകളോടും കൂടുതൽ അനുകൂല മനോഭാവം വളർത്തുക. | | * ശാസ്ത്രതത്വങ്ങൾ ലഘു പരീക്ഷണങ്ങളിലൂടെയുള്ള കുട്ടികളുടെ അവതരണം<br>* സ്കൂൾതല സയൻസ് എക്സിബിഷൻ<br>* ശാസ്ത്രജ്ഞൻമാരുടെ ചിത്രങ്ങൾ, സംഭാവനകൾ, എന്നിവ ശേഖരിച്ച് ശാസ്ത്ര പുസ്തകം തയ്യാറാക്കൽ. | ജൂൺ - ജനുവരി | സയൻസ് ക്ലബ്ബ് | എല്ലാ കുട്ടികളും | |
| | ലഹരി നിർമ്മാർജനം. | | ലഹരിക്കെതിരായി ബോധവൽക്കറണം. ചിത്രരചന, പോസ്റ്റർ, പ്ലക്കാർഡ് എന്നിവ തയ്യാറാക്കൽ | ജനുവരി-മാർച്ച് | അധ്യാപകർ | എല്ലാ കുട്ടികളും | |
| | മഴക്കാല ശുചീകരണം. | | മഴക്കാല രോഗങ്ങൾ എന്നവിഷയത്തെ അടിസ്ഥാനമാക്കി ബോധവൽക്കരണ കുറിപ്പുകൾ തയ്യാറാക്കി | ജൂൺ – ആഗസ്റ്റ് | ജീവശാസ്ത്ര അധ്യാപകർ, സയൻസ് ക്ലബ്ബ്. | കുട്ടികൾ , സമൂഹം | |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | കുട്ടികളുടെ വീടുകളിൽ കൊടുത്തുവിടുന്നു.<br>* വെള്ളം കെട്ടിനിൽക്കുന്ന സാഹചര്യങ്ങൾ ഒഴിവാക്കുക.<br>* ആഹാര പദാർത്ഥങ്ങൾ കുടിവെള്ളം ഇവ അടച്ച് സൂക്ഷിക്കുക.<br>* തിളപ്പിച്ചാറിയ വെള്ളംമാത്രം കുടിക്കുക.<br>* കിണർവെള്ളം ക്ലോറിനേറ്റ് ചെയ്യുക തുടങ്ങിയവ. | | | | |
| | **ഭിന്നശേഷി കുട്ടികൾക്കും പഠന പിന്നാക്കം നിൽക്കുന്ന കുട്ടികൾക്കും പ്രത്യേക പരിശീലനം.** | | **അധ്യാപിക-കുട്ടി, കുട്ടി-കുട്ടി എന്നീതരത്തിൽ പരിശീലനം.<br>ചർച്ച, ക്വിസ് മത്സരം, ചോദ്യങ്ങൾ തയ്യാറാക്കൽ, വർക്ക്ഷീറ്റ് പൂർത്തീകരിക്കൽ, ചിത്രം വരക്കൽ, നിത്യജീവിതവുമായി ബന്ധപ്പെട്ട വളരെ വിലകുറഞ്ഞ വസ്തുകൾ ഉപയോഗിച്ച് മോഡൽ നിർമ്മാണം, ലഘുപരീക്ഷണങ്ങൾ, ICT, ഫ്ലോചാർട്ട്, ആശയ ചിത്രീകരണം, പോസ്റ്റർ, കഥ എന്നിവ** | **ജൂണ – മാർച്ച്** | **അധ്യാപകർ, കുട്ടികൾ, peer group, രക്ഷാകർത്താക്കൾ .** | **ഭിന്നശേഷി കുട്ടികളും പഠന പിന്നാക്കം നിൽക്കുന്ന കുട്ടികളും** | |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | ഉപയോഗിക്കുന്നു. | | | | |
| | പഠനത്തിൽ മുന്നാക്കം നിൽക്കുന്ന കുട്ടികൾക്ക് അധിക പരിശീലനം നൽകുക. | | MCQ നിലവാരമുള്ള ചോദ്യങ്ങൾ നൽകുന്നു. കുട്ടികളെക്കൊണ്ട് പാഠഭാഗത്തുന്നിന്നും വിവിധതരത്തിലുള്ള ചോദ്യങ്ങൾ തയ്യാറാക്കി ഉത്തരങ്ങൾ എഴുതിക്കുന്നു. ICT സാധ്യത, സ്ലൈഡ് പ്രസന്റേഷൻ, സെമിനാർ, കണ്ടെത്തൽ പഠനം, ശാസ്ത്രമൂല, പതിപ്പ് നിർമ്മാണം, ചുവർമാസിക എന്നീ രീതികൾ ഉപയോഗിക്കുന്നു. | ജൂണ – മാർച്ച് | അധ്യാപകർ | കുട്ടികൾ | |
| | ജൈവ വൈവിധ്യ രജിസ്റ്റർ, Red Data Book എന്നിവ തയ്യാറാക്കുന്നു. | | എട്ടാം ക്ലാസ്സിലെ പാഠ ഭാഗവുമായി ബന്ധപ്പെട്ട വംശനാശ ഭീഷണി നേരിടുന്ന സസ്യങ്ങളുടെയും ജന്തുക്കളുടെയും ചിത്രങ്ങളും വിവരണങ്ങളും അടങ്ങിയ പതിപ്പ് തയ്യാറാക്കുന്നു. | സെപ്റ്റംബർ – ജനവരി | കുട്ടികൾ, അധ്യാപകർ | കുട്ടികൾ | |
| | | ഗണിതം | | | | | |
| | ഗണിത പഠനത്തിൽ പിന്നാക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തുക. | | പ്രീ- ടെസ്റ്റ് നടത്തുന്നു. | ജൂൺ | ഗണിത വിഷയ സമിതി | എല്ലാ കുട്ടികൾ | |

| | | | | | | | |
|---|---|---|---|---|---|---|---|
| | ഗണിത പഠനത്തിൽ പിന്നാക്കം നിൽക്കുന്ന കുട്ടികൾക്ക് പഠനസഹായം നൽകുക. | പഠന മികവിൽ എത്തിക്കാൻ ശ്രമിക്കുന്നു. | ക്ലാസ്തലത്തിലും സ്റ്റാൻഡേർഡ് തലത്തിലും ക്ലാസ് സമയത്തും അധിക സഹായം ആവശ്യമായവർക്ക് പഠന ഇടവേളകളിലും അവധി ദിവസങ്ങൾ പ്രയോജന പ്പെടുത്തിയും സഹായം നൽകുന്നു. | ജൂൺ മുതൽ | ഗണിതക്ലാബ്ബ് അംഗങ്ങൾ, ക്ലാസ്സിലെ ഗണിത പഠന മികവുള്ള കുട്ടികൾ, ഗണിത വിഷയ സമിതി | പിന്നാക്കം നിൽകികുന്ന കുട്ടികൾ | |
| | അടിസ്ഥാന ഗണിത പഠനം ഉറപ്പുവരുത്തുക. | അടിസ്ഥാനശേഷി ഉറപ്പാക്കുന്നു. | ഗുണനപട്ടിക, ജാമിതീയ രൂപങ്ങൾ, ചതുഷ് ക്രിയകൾ തുടങ്ങിയവയുടെ അടിസ്ഥാനശേഷി ഉറപ്പാക്കുന്നു. | ജൂൺ മുതൽ | വിഷയ സമിതി | എല്ലാ കുട്ടികളും | |
| | ഗണികപഠനം രസകരമാക്കുക | ഗണിത ഗയിമുകൾ | ഗണിത പഠനത്തിന് ഗണിത ഗയിമുകൾ പ്രയോജനപ്പെടുത്തി ക്ലാസ്സുകൾ രസകരമാക്കുന്നു. | ജൂൺ മുതൽ | വിഷയ സമിതി | എല്ലാ കുട്ടികളും | |
| | കുട്ടികളിൽ ഗണിതാഭിമുഖ്യം വളർത്തുക | ഗണിത ക്ലബ്ബ് രൂപീകരിക്കുന്നു. | ക്ലബ്ബിന്റെ നേതൃത്വത്തിൽ ഗണിതത്തെ നിത്യജീവിതവുമായി ബന്ധിപ്പിക്കാൻ കുട്ടികൾക്ക് അവസരം ഒരുക്കുന്നു. | ജൂൺ മുതൽ | വിഷയ സമിതി | എല്ലാ കുട്ടികളും | |
| | ഗണിതമേളയിൽ മികവ് നേടുക. | മികച്ച പരീശീലനം നൽകുന്നു | ക്ലാസ്തല മത്സരങ്ങളിലൂടെ പ്രതിഭകളെ കണ്ടെത്തുന്നു. അവർക്ക് വിഷയ | ജൂൺ മുതൽ | വിഷയ സമിതി | എല്ലാ കുട്ടികളും | |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | സമിതിയുടെ നേതൃത്വത്തിൽ മികച്ച പരിശീലനം നൽകുന്നു.<br>ഉയർന്ന തലത്തിൽ സ്കൂളിന് പുറമേനിന്നുള്ള പരിശീലകരുടെ ഉൾപ്പടെ സഹായം ഉറപ്പാക്കുന്നു. | | | | |
| | ഭിന്നശേഷി കുട്ടികൾക്ക് പ്രത്യേക പരിശീലനം | ആത്മവിശ്വാസം ഉയർത്തി പഠന മികവിലേക്ക് നയിക്കുന്നു. | ക്ലാസ്തലത്തിലും സ്റ്റാൻഡേർഡ് തലത്തിലും ക്ലാസ് സമയത്തും പഠന ഇടവേളകളിലും സഹായം | ജൂൺ മുതൽ | ഗണിതക്ലാബ്ബ് അംഗങ്ങൾ, ക്ലാസ്സിലെ ഗണിത പഠന മികവും ഭിന്നശേഷി കുട്ടികളോട് ഇടപഴകാൻ മനസുമുള്ള കുട്ടികൾ, ഗണിത വിഷയ സമിതി | ഭിന്നശേഷി കുട്ടികൾ | |
| | സ്കോളർഷിപ്പി പരീക്ഷകളിൽ ഉയർന്ന വിജയം നേടാൻ കുട്ടികളെ സഹായിക്കുക | | വിവിത സ്കോളർഷിപ്പ് പരീക്ഷകളിൽ ഗണിത മികവിലൂടെ ഉയർന്ന സ്കോറിലെത്താൻ വിദ്യാർത്ഥിനികളെ സഹായിക്കുന്നതിനായി പ്രത്യേകപരിശീലനം നൽകുന്നു. | ജൂൺ മുതൽ | വിഷയ സമിതി | സ്കോളർഷിപ്പ്പരീക്ഷ എഴുതുന്ന കുട്ടികൾ | |

| | | | | | | | |
|---|---|---|---|---|---|---|---|
| | ഗണിത പഠനം മെച്ചപ്പെടുത്താൻ വിവര സങ്കേതികവിദ്യ ഉപടോഗപ്പെടുത്തുക. | AI, സ്കൂളിൽ ലഭ്യമായിട്ടുള്ള TI ഉപകരണങ്ങൾ എന്നിവയുടെ സഹായത്തോടെ | ITC സാധ്യതകൾ പരമാപധി പ്രയോജനപ്പെടുത്തി ഗണിത പഠനം മെച്ചപ്പെടുത്തുന്നു. | ജൂൺ മുതൽ | വിഷയ സമിതി | എല്ലാ കുട്ടികളും | |

## സമർപ്പണം

കാലവും സന്ദർഭവും ആവശ്യപ്പെടുന്ന തിരുത്തലുകളും കൂട്ടിചേർക്കലുകളും ഉൾക്കൊണ്ട് വിദ്യാലയത്തിനും വിദ്യാർത്ഥിനികൾക്കും ഗണകരമായി പ്രവർത്തന പദ്ധതികൾ നടപ്പാക്കാൻ അധ്യാപകർക്കൊപ്പം രക്ഷാകർത്താക്കളുടെയും പിടിഎ - യുടെയും സ്കൂൾ മാനേജ്മെന്റിന്റെയും അഭ്യുദയകാംക്ഷികളുടെയും എല്ലാം സഹകരണം ഉണ്ടാകേണ്ടത് ആവശ്യമാണ്. അത് ഉണ്ടാകും എന്ന പ്രതീക്ഷയോടെ ഈ പദ്ധതി സമർപ്പിക്കുന്നു.